പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1
ലക്കം 20

എറണാകുളം 1970 ജൂൺ 21 ഞായർ

വില 35. സ

* ഈ ലക്കത്തിൽ *

* കുറിപ്പുകൾ

ഏകോപനം

* കാഴ്ചപ്പാടുകൾ

സേവനവിനോദം

തെരഞ്ഞെടുപ്പുകളെപ്പററി

* എഴുതാപ്പുറം

* ലേഖനം

ഇടതുപക്ഷ പരിവർത്തനങ്ങളുടെ
കാഴ്ചപ്പാടു്

മറനാടൻ നക്സൽബാരികൾ

* കത്തുകൾ

20

കുറിപ്പുകൾ

## ഏകോപനം

കേരള ഭരണം സ്തംഭനാവസ്ഥയിലായിരിക്കുന്നുവെന്നു ഇന്നു പരക്കെ പരാതിയുണ്ടു്. ഭരണകക്ഷികളുടെ കുറുമുന്നണി ഇതൊന്നും കൂട്ടാക്കുന്നലക്ഷണമില്ല. അവരുടെ ഏകോപന സമിതി ചേർന്നും പിരിഞ്ഞും കൊണ്ടു തുടരുന്നു.

പി. എസ്സ്. പി. യെ ഏകോപന സമിതിയിൽ ചേർക്കണമോ വേണ്ടയോ എന്നതാണ് ഇപ്പോഴത്തെ തർക്ക പ്രശ്നം. ഐ. എസ്സ്. പിയാണ് പഴയ കൂട്ടുകാരെ പി. എസ്സ്. പിയിൽ ചേർക്കുന്നതിനെ എതിർത്തുകൊണ്ടിരിക്കുന്നത്.

എന്തുകൊണ്ടാണ് പി. എസ്സ്. പിയെ ഏകോപന സമിതിയില ചേർക്കുന്നതിനെ ഐ. എസ്സ്. പിക്കാർ എതിർക്കുന്നതെന്നു് ഈ കോലാഹലത്തിനിടയിയിൽ ആർക്കും അറിയുന്നില്ല. വാസ്തവത്തിൽ ഇക്കാര്യത്തിൽ ഒട്ടും എതിർപ്പു പാടില്ലാത്തവർ ഐ. എസ്സ്. പി. ക്കാരായിക്കേണ്ടതാണ്. കാരണം അതാണ് അവരുടെ പാരമ്പര്യം.

കച്ച് സത്യാഗ്രഹത്തിൽ പങ്കെടുക്കണമെന്നു സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയുടെ കേന്ദ്രനേതൃത്വം തീരുമാനിച്ചതാണ് ഐ. എസ്സ്. പി യുണ്ടാകാൻ തന്നെ കാരണമായത്. എസ്സ്. എസ്സ്. പി. മന്ത്രിമാർ രാജിവെച്ച് കച്ച് സത്യാഗ്രഹത്തിൽ പങ്കെടുക്കണമെന്നായിരുന്നു കേന്ദ്രനേതൃത്വത്തിന്റെ തീരുമാനം. പക്ഷെ മന്ത്രിസ്ഥാനം കൈവിടാൻ പി. ആർ. കുറുപ്പും പി. കെ. കുഞ്ഞും തയാറായില്ല. കേന്ദ്രസംഘടനയിൽ നിന്നു തെററിപ്പിരിഞ്ഞു ഐ. എസ്സ്. പി. യുണ്ടാക്കുകയായിരുന്നു കുഞ്ഞും കുറുപ്പും കൂട്ടുകാരും കണ്ട പോംവഴി.

അന്നു കുറെ എം എൽ. എ. മാർ എസ്സ്. എസ്സ്. പി. ക്കാരായിത്തന്നെ തുടർന്നു. വാസ്തവത്തിൽ കേരളം ഭരിക്കുന്നതിനു ജനങ്ങൾ തെരഞ്ഞെടുക്കുന്ന കക്ഷികളിൽ ഐ. എസ്സ്. പി. യുണ്ടായിരുന്നില്ല. എഴുകക്ഷികളുടെ ഐക്യമുന്നണിയിൽ എസ്സ്. എസ്സ്. പി. യായിരുന്നു പങ്കാളി. എസ്സ്. എസ്സ്. പിയിൽ നിന്നു വിട്ടുപോയവരെ മന്ത്രിസഭയിൽ നിന്നും ഏകോപനസമിതിയിൽ നിന്നും മാററി തൽസ്ഥാനത്ത് എസ്സ്. എസ്സ്. പി. ക്കാരായിത്തുടർന്നവരെയെടുക്കുകയായിരുന്നു ഇന്നു ഐ. എസ്. പി. ക്കാർ ഉന്നയിക്കുന്ന തത്വമനുസരിച്ചു വേണ്ടിയിരുന്നത്.

കേരളത്തിലെ എസ്. എസ്. പി. നേതാക്കൾ മുമ്പ് ഈയാവശ്യം ഉന്നയിച്ചിരുന്നതാണ്. ഐ. എസ്. പി. ക്കാരായി മാറിയവർ അത് സമ്മതിച്ചില്ല. വലിയ വിഭാഗമായ ഐ. എസ്. പിയെ താങ്ങി നിർത്താനായിരുന്നു ഏകോപനസമിതിക്കാർക്കു താല്പര്യം. അവർ ഐ. എസ്. പി. ക്കാരെ മന്ത്രിമാരായിത്തുടരാൻ അനുവദിച്ചു.

എസ്. എസ്. പി. ക്കാരായിത്തുടരുന്നവർ മന്ത്രിസഭയിൽ സ്ഥാനമില്ലെങ്കിലും മന്ത്രിസഭക്കു പിന്തുണ നൽകുമെന്നു പ്രഖ്യാപിച്ചിരുന്നു. അത് അന്നത്തെ

ഭരണകക്ഷികൾക്ക് ആശ്വാസ പ്രദമായിരുന്നു. എസ്. എസ്. പി.ക്കാർക്ക ഏകോപന സമിതിയിൽ അംഗത്വംകൊടുത്തുകൊണ്ട് തൽക്കാലം. പ്രശ്നം അവസാനിപ്പിച്ചു.

എന്നാൽ ഐക്യമുന്നണിയിലെ കക്ഷികൾ തമ്മിലുള്ള അധികാര മത്സരം അതുകൊണ്ടവസാനിച്ചില്ല. ഏററവും വലിയ കക്ഷിയായ മാർക്സിസ്ററുകാർക്കെതിരെ കുറുമുന്നണിക്കാർ ഒന്നിച്ചു. മാർക്സിസ്ററുകാരുടെ കൂട്ടുകാർ അധികാരത്തിലില്ലാത്ത എസ്സ്. എസ്സ്. പി. ക്കാരും ഏകാംഗ പാർട്ടികളായ കെ. എസ്സ്. പിയും കെ. ടി. പി. യും മാത്രമായി. കെ. ടി. പി. യിൽ തന്നെയുണ്ടായിരുന്ന മററൊരംഗം പുതിയ പാർട്ടിയുണ്ടാക്കി കെ. കെ പി ക്കാരനായി. കെ. കെ. പി ക്കാരനു് ഏകോപന സമിതിയിൽ സ്ഥാനം നൽകുകയാണ് ചെയ്തതു്. ഇപ്പോൾ ഐ. എസ്സ്. പി. ഭിന്നിച്ചു് പി. എസ്സ്. പി. യായവർക്ക ഏകോപനസമിതിയിൽ അംഗത്വം നൽകാൻ പാടില്ലെന്നു പി. ആർ കുറുപ്പും കൂട്ടുകാരും വാദിക്കുന്നതിന്റെ പിന്നിൽ താത്വികമായ യാതൊരു പ്രശ്നവുമില്ലെന്നു വ്യക്തമാണ്.

എല്ലാ തർക്കങ്ങളുടെയും അടിസ്ഥാന കാരണം മന്ത്രിസ്ഥാന മാണെന്നും വ്യക്തമാകുന്നു. എൻ. കെ. ശേഷനെ മന്ത്രി സ്ഥാനത്ത് നിന്ന് നീക്കണമെന്നു ഐ. എസ്സ്. പി. ക്കാർ ആവശ്യപ്പെടുന്നതു മുതൽക്കാണ് പുതിയ തർക്കം ആരംഭിച്ചതു്. മന്ത്രിസ്ഥാനം സ്വയം ഒഴിയാൻ ശേഷൻ തയ്യാറായില്ല. പി. ആർ. കുറുപ്പിന്റെ ഭാഗ്യാരിഷ്ടത്തിനു മുമ്പിൽ മുട്ടുകുത്തി, ഒടുവിൽ മററെല്ലാവരും ചേർന്നു ശേഷനെ രാജി വെപ്പിച്ചു.

ശേഷൻ രാജിവെക്കുമ്പോൾ പഴയ ഐക്യമുന്നണി സിദ്ധാന്തങ്ങളനുസരിച്ചു് പ്രവർത്തിച്ചു കൊള്ളാമെന്നുമറുമുന്നണിയിലെ മററു കക്ഷികൾ ഉറപ്പുനൽകിയിട്ടുണ്ടായിരിക്കണം. പുതിയ കക്ഷിയായാൽ ഏകോപന സമിതിയിലും പിന്നീട് മന്ത്രിസഭയിലും സ്ഥാനം നൽകലാണ് ഈസിദ്ധാന്തം. ഐക്യമുന്നണി യുണ്ടാകുന്നതു മുതൽ പിന്തുടർന്നു വന്ന ഈ പങ്കുവെക്കലാണ് ഐക്യമുന്നണികളുടെ തകർച്ചക്ക് അടിസ്ഥാനകാരണം. നിയമസഭയിൽ നല്ല ഭൂരിപക്ഷ മുണ്ടായിരുന്ന യവസരത്തിൽ സമ്മർദ്ദ തന്ത്രങ്ങൾക്കുവലിയ വിജയം നേടാനാകുമായിരുന്നില്ല. എന്നാൽ വിരലിലെണ്ണാവുന്നവരുടെ ഭൂരിപക്ഷം മാത്രം വെച്ചുകൊണ്ടു് ഭരണത്തിൽ തുടരേണ്ടുന്ന നിലവന്നപ്പോൾ സമർദ്ദതന്ത്രങ്ങൾ കൂടുതൽ ശക്തിയായി, വ്യക്തികൾക്കും ഏതാനും വ്യക്തികൾ മാത്രമുള്ള പാർട്ടികൾക്കും കൂടുതൽ വിലപേശാൻ അവസരവും ലഭിച്ചു.

അങ്ങിനെ വിലപേശലിൽ വിജയിച്ചു മന്ത്രിയാകാൻ തയാറെടുത്തു നിൽക്കുന്നയാളാണ്. കെ. കെ. പി ക്കാരൻ എം. എം തോമസ്സ്. മന്ത്രിസഭ വികസിപ്പിച്ചു് എം. എം. തോമസ്സിനെ വരെ മന്ത്രിയാക്കാൻ കുറുമുന്നണിക്കാർ തയാറെടുത്തപ്പോൾ മൂന്നംഗങ്ങളുടെ പിന്തുണയുള്ള അഖിലേന്ത്യാ കക്ഷിയായ പി. എസ്സ്. പി മന്ത്രിസ്ഥാനം കിട്ടണമെന്നാഗ്രഹിക്കാതിരിക്കുമോ?

ഒടുവിൽ സ്ഥാനങ്ങൾ പങ്കിട്ട് പങ്കിട്ട് ഓരോ വ്യക്തിയും ഓരോ പാർട്ടിയാകുന്ന നിലയിൽ ഐക്യമുന്നണി സിദ്ധാന്തം അധ:പ്പതിച്ചിരിക്കയാണ്. എത്ര കക്ഷികളുണ്ടോ അത്രയും കക്ഷികളെച്ചേർത്തു ഐക്യമുന്നണിയിൽ അംഗത്വം നൽകുന്നതിനു ഏകയോഗ്യത ഏതെങ്കിലും വലിയ കക്ഷിയോടുള്ള ശത്രുതയാണെന്നു നിശ്ചയിക്കുക. അംഗങ്ങളാകുന്നവരെയെല്ലാം ഏകോപനസമിതിയിൽച്ചേർക്കുക. ഏകോപന സമിതിയിൽ ഓരോ കക്ഷിക്കും വീറേറായധികാരം നൽകുക. ഏകോപനസമിതിയിൽച്ചേരാൻ തയാറാവുന്നവർക്കൊക്കെ മന്ത്രിസ്ഥാനവും നൽകുക.

ഇതാണ് ഐക്യമുന്നണിയുടെ പ്രവർത്തനത്തിനുള്ള അംഗീകൃത തത്വങ്ങൾ. ഇതിനൊക്കെ മൂടുപടമിടാൻ മിനിമം പരിപാടിയെന്ന ഒരാവരണം ഉണ്ടാക്കും. എങ്ങിനെയും വ്യാഖ്യാനിക്കാവുന്ന തരത്തിലായിരിക്കും മിനിമം പരിപാടിയെഴുതിയുണ്ടാക്കുന്നതു്. കേരളത്തിൽ 1967 ൽ അധികാരത്തിൽ വന്ന ഐക്യമുന്നണിയുടെ പരാജയം കണ്ടു് കഴിഞ്ഞതാണ്. മിനിമം പരിപാടിയുടെയടിസ്ഥാനത്തിലുള്ള ഒരു തർക്കവും ഇവിടെയുണ്ടായിട്ടില്ല. എന്നിട്ടും ഐക്യമുന്നണിയും പൊളിഞ്ഞു. അതിൽപ്പെട്ട കക്ഷികളും ഒന്നൊന്നായിപ്പൊളിഞ്ഞു.

ഐക്യമുന്നണികളുടെ ആദർശശൂന്യമായ കൂട്ടുകെട്ടുകൾ അധികാരമത്സരത്തിൽ തകർന്നുതരിപ്പണമാകുന്നതു കണ്ടിട്ടും ജനങ്ങൾക്കെതിരായി ഈ ക്രൂരവിനോദം തുടരുന്നതിനാണ് എല്ലാ രാഷ്ട്രീയകക്ഷികളും വീണ്ടും മുതിരുന്നതു്. അടുത്തയവസരം വരെ ഐക്യമുന്നണിയിൽ നിന്നൊഴിഞ്ഞു നിന്ന കോൺഗ്രസ്സും അടുത്ത തെരഞ്ഞെടുപ്പിൽ ഐക്യമുന്നണിക്കാരായി മത്സരരംഗത്തിറങ്ങും.

ഇന്നത്തെ ഏകോപനസമിതിയുടെ ക്രൂരവിനോദത്തിൽ ഏററവും അപകടത്തിലായിട്ടുള്ളതു് ഐക്യമുന്നണിയിൽനിന്നൊഴിഞ്ഞുനിന്ന കോൺഗ്രസ്സാണെന്നതു് വിരോധാഭാസമായി തോന്നാം. പക്ഷേ കേരളത്തിൽ കോൺഗ്രസ്സിന്റെ കഴിവുകെട്ട നേതൃത്വം ആ സംഘടനയെ ദുർഗ്ഗതിയിലെത്തിച്ചിരിക്കുന്നു.

കോൺഗ്രസ്സ് എന്നയൊരു സംഘടനയുണ്ടോയെന്നും ആ സംഘടനയ്ക്കു് ഭരണകാര്യത്തിൽ എന്തു പറയാനുണ്ടെന്നും ഏകോപന സമിതിക്കാരാരും ആദ്യംമുതൽക്കുതന്നെ ശ്രദ്ധിച്ചിരുന്നില്ല. നിരുപാധികമായ പിന്തുണ നൽകിക്കൊണ്ടു് പരസ്പരം കടിച്ചുകീറുന്ന മന്ത്രിമാരെതാങ്ങിനിറുത്താനായിരുന്നു കോൺഗ്രസ്സ് നേതൃത്വത്തിനു വ്യഗ്രത. അവരുടെതലയിൽ കയറി കുറുമുന്നണിക്കാർ നിരങ്ങിക്കൊണ്ടിരുന്നു.

മേലിലും ഇതുതന്നെ സംഭവിക്കാനാണിടയുള്ളതു്. ഐക്യമുന്നണി സിദ്ധാന്തത്തിൽ കേരളത്തിലെ കോൺഗ്രസ്സിനെ കൊണ്ടു് ചെന്നു ചാടിക്കാൻ വലതു് കമ്യൂണിസ്റ്റ് കാരും മുസ്ളീംലീഗ്കാരും കൊണ്ടു പിടിച്ചു ശ്രമിക്കും. ഇപ്പോൾതന്നെമന്ത്രിസഭയിൽ അംഗമായിട്ടുള്ള കേരളകോൺഗ്രസ്സ്കാർ മുസ്ളീലീഗിനെ വിട്ടുനിൽക്കുകയില്ല. കേരളകോൺഗ്രസ്സും കാർക്സിസ്ററുകളുടെ കണക്കുകൂട്ടലിൽ വലതുകമ്യൂണിസ്റ്റ്കാരെ അകററി നിർത്തുന്നതിലും വിരോധമുണ്ടാകയില്ല. പക്ഷേ എന്തു തന്നെയായാലും ശരി ഭരണകക്ഷികളുടെ ഐക്യമുന്നണിക്കാർ തമ്മിലുണ്ടാക്കുന്ന ധാരണയിൽ ഭാവശൂന്യമായ കോൺഗ്രസ്സ്നേതൃത്വം കുടുങ്ങാൻപോകുകയാണ്.

(ശേഷം 16-ാം പേജിൽ)

# ഇടതുപക്ഷ പരിവർത്തനവാദികളുടെ കാഴ്ചപ്പാട്

ഗൌതം അധികാരി

ഇന്ത്യയിലെ വിദ്യാർത്ഥി സമൂഹത്തിൽ വർദ്ധിച്ചുവരുന്ന 'ഇടതു പക്ഷപരിവർത്തന വാദി'കളായ വിദ്യാർത്ഥികൾക്കിടയിൽ ഒരു പഠനം നടത്തിയ അവസരത്തിൽ വളരെ പ്രചാരത്തിലുള്ള മൂന്നു ചോദ്യങ്ങൾ ചോദിച്ചു. തികച്ചും പ്രതീക്ഷിച്ചതുപോലെ തന്നെ, ചോദ്യങ്ങൾക്കു നൽകപ്പെട്ട മറുപടികളിൽ നിന്നു വളരെയേറെ പൊതുവായ ചിന്താഗതി പുറത്തു വന്നു. ഈ പൊതുവായ ചിന്താഗതികളെ സമഗ്രമായൊന്നു അവതരിപ്പിക്കാനും വിദ്യാർത്ഥികൾക്കുവേണ്ടി അവക്കുള്ളയുത്തരങ്ങൾ സത്യസന്ധമായി പ്രതിപാദിക്കാനുമാണ് ലേഖകൻ ശ്രമിക്കുന്നത്.

ചോദ്യം ആധുനിക ദേശീയ സമൂഹത്തിൻേറയും സ്ഥാപനങ്ങളുടേയും ഏതേതു വശങ്ങളാണ് യുവാക്കൾക്കു സ്വീകരിക്കാൻ പറ്റാത്തതായി തോന്നുന്നത്? ഇന്നത്തെ വിദ്യാർത്ഥി പ്രശ്നത്തിൻെറ സ്വഭാവത്തെക്കുറിച്ചുള്ള മൗലികമായ ഒരു തെറ്റിദ്ധാരണയാണ് ഈ ചോദ്യം രൂപപ്പെടുത്തിയ രീതി പ്രകടമാക്കുന്നതെന്നു ഒരു ബിരുദധാരിയെങ്കിലും ചൂണ്ടിക്കാണിക്കുകയുണ്ടായില്ല.

സ്വാതന്ത്ര്യ പ്രസ്ഥാന കാലത്തും അതിൻതൊട്ടുപിമ്പുള്ളകാലത്തും യുവാക്കളുടെ സാമൂഹ്യ ബോധത്തിൻെറ വികസനത്തിൻെറ ആദ്യകാലങ്ങളിൽ, സമൂഹത്തെ മെച്ചപ്പെടുത്തുന്നതിനു കുറേശ്ശ കുറേശ്ശയായുള്ള പരിഷ്കാരങ്ങൾ സുപ്രധാനമായ മാർഗ്ഗമാണെന്നു വിദ്യാർത്ഥികൾ വിശ്വസിച്ചിരുന്നു. എന്നാലും ഇന്നു ഈ മാർഗ്ഗം വ്യർത്ഥമാണെന്നു അവർ കാണുന്നുണ്ട്. വിപ്ലവത്തിലൂടെയുള്ള സമഗ്രമായ സാമൂഹ്യപുനസ്സംഘടനയെയാണ് അവർ ലക്ഷ്യമാക്കുന്നത്. ഈ സമീപനത്തിൽ എത്തിച്ചേർന്നാൽ പിന്നെ, വിപ്ലവത്തിനു തടസ്സമുണ്ടാക്കുന്നതാണ് കുറേശ്ശകുറേശ്ശയായുള്ള പ്രക്ഷോഭണ പരിപാടിയെന്നു കാണുന്നു. അത്തരം പരിപാടി വിപ്ലവത്തെ പ്രോത്സാഹിപ്പിക്കുന്നതുമല്ലെന്നു അവർ മനസ്സിലാക്കുന്നു. പ്രശ്നങ്ങൾ ഒന്നിനുപുറകെയൊന്നായിട്ടാണ് വരുന്നത്. കാരണം ഏററവും കൂടുതൽ ആളുകളെ ഉൾപ്പെടുത്തുന്നതിനും അവരുടെ രാഷ്ട്രീയ ബോധത്തിൻെറ നിലവാരം ഉയർത്തുന്നതിനും ഇതാണ് വഴി. എന്നാൽ, നേതൃത്വത്തെ സംബന്ധിച്ചിടത്തോളം ഇത്തരം പ്രക്ഷോഭണ രൂപത്തിൻെറ ആനുപാതിക സ്വഭാവം എപ്പോഴും മനസ്സിലുണ്ടായിരിക്കും.

അതു കൊണ്ട് കേവലം കുറേശ്ശകുറേശ്ശയായുള്ള പരിഷ്കരണങ്ങൾ വഴി വിദ്യാർത്ഥികളെ തൃപ്തിപ്പെടുത്താവുന്ന നിലയല്ലാതായിരിക്കുന്നു. ഒരുകൂട്ടം ആവശ്യങ്ങൾ അനുവദിച്ചു കഴിഞ്ഞാൽ അടുത്തകൂട്ടം ആവശ്യങ്ങൾ സ്വയം ഉന്നയിക്കപ്പെടുന്നു. പഴയ അധികാര കേന്ദ്രങ്ങളെ തകർക്കുകയും വിപ്ലവത്തിൻെറ ഗതിയെ ബലപ്പെടുത്തുകയും ചെയ്യുന്ന വിധത്തിലായിരിക്കും പുതിയ അവകാശങ്ങൾ ഉന്നയിക്കപ്പെടുന്നതു്.

അതിനാൽ ചോദ്യത്തെ രൂപപ്പെടുത്തേണ്ട ശരിയായ രീതി ഇതാണ്. രാഷ്ട്രീയ ബോധത്തിൻെറ വികസനത്തിലുള്ള ആദ്യഘട്ടത്തിൽ സമൂഹത്തിൻെറ ഏതേത് വിശേഷതകളാണ് വിദ്യാർത്ഥികൾ സമൂഹത്തെ വിമർശിക്കാൻ ഇടയാക്കുന്നതു്? എന്നാണ് ചോദിക്കേണ്ടതു്.

യുക്തിപൂർവ്വം നോക്കുമ്പോൾ ഇവ മൂന്നു വിഭാഗത്തിൽപ്പെടുന്നതായിക്കാണാം. ഒന്നാമതു് ശരാശരി വിദ്യാർത്ഥിക്കു വേണ്ടി മുടക്കുന്ന തുകയുടെ അപര്യാപ്തത. കുറെക്കാലമായി വിദ്യാഭ്യാസ വികസനത്തിൽ ഗുണം നഷ്ടപ്പെടുത്തിക്കൊണ്ട് എണ്ണം വർദ്ധിപ്പിക്കാൻ ശ്രമം നടക്കുകയാണ്. ഇതിൻെറ ഫലമായി താഴെപ്പറയുന്ന കാര്യങ്ങൾ സംഭവിക്കുന്നു.

എ. വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലുള്ള അനുപാതം ഉയരുന്നു.

ബി. പുസ്തകങ്ങളും വായിക്കാനുള്ളവയും വേണ്ടത്രയില്ലാതാവുന്നു.

സി. ശാസ്ത്രീയോപകരണങ്ങൾ അപര്യാപ്തമാവുന്നു.

സി. വിനോദ സൌകര്യങ്ങളുടെ കുറവുണ്ടാകുന്നു. അങ്ങിനെയുള്ള പലതും സംഭവിക്കുന്നു.

രണ്ടാമത്തെ പ്രമുഖരംഗം വിദ്യാർത്ഥികൾക്കു താൽപ്പര്യമുള്ള കാര്യങ്ങളിൽ പരിശീലനം നൽകാത്തതാണ്. ഉദാഹരണത്തിനു 19-ാം നൂററാണ്ടിലെ ബ്രിട്ടീഷ് മാതൃകയിലുള്ളതാണ് ഇന്നും പഠനസമ്പ്രദായങ്ങൾ. അമേരിക്കയിലെ കറുത്തവരുടെ ശക്തിപ്രസ്ഥാനത്തെയോ, ചൈനയിലെ സാംസ്കാരിക വിപ്ലവത്തെയോ പോലെ രസകരമായ വിഷയങ്ങൾ ക്ലാസ്സുമുറികൾക്കു പുറത്തു്നിന്നു ശേഖരിക്കേണ്ടിവരുന്നു. വാസ്തവത്തിൽ, ഈ വിദ്യാഭ്യാസ സമ്പ്രദായത്തിനു കൊളോണിയലിസത്തിൻെറ നാററമുണ്ടെന്നു വെറുപ്പോടെ ഒരു ചെറുപ്പക്കാരൻ പറഞ്ഞു. 'ബോംബെയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയതും കൊച്ചുകുട്ടികൾക്കു വേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ ഒരു പാഠപുസ്തകത്തിൽ ഇപ്പോഴും പഴയ "ബാബസാഹിബ്ബി" നു ഇഷ്ടപ്പെട്ട പാട്ടുണ്ട്. നീഗ്രോകളെയധിക്ഷേപിക്കുന്നതാണ് ഈ പാട്ട്. അറിയാൻ ആഗ്രഹിക്കുന്ന കാര്യവുമായി പഠിപ്പിക്കുന്ന കാര്യങ്ങൾക്കു ബന്ധമുണ്ടെന്നു വിദ്യാർത്ഥികൾക്കു തോന്നുന്നില്ലെങ്കിൽ, അസംതൃപ്തി തുടരാതെ നിർവാഹമില്ല. പ്രത്യേകിച്ചും മിടുക്കന്മാരായ വിദ്യാർത്ഥികൾക്കിടയിൽ.

മൂന്നാമതായി, വിദ്യാഭ്യാസത്തിനു ചെലവിടുന്ന കാശിൽ നിന്നു വളരെ ചുരുങ്ങിയ തോതിൽ മാത്രം പ്രതിഫലം കിട്ടുന്നതുകൊണ്ടുള്ള പ്രശ്നമാണ്. വിദ്യാർത്ഥി സമൂഹത്തിനുവേണ്ടി ചെലവിടുന്ന സമയവും പണവും, കൂടുതൽ ഉയർന്ന വരുമാനത്തിനും ഇന്നത്തെക്കാൾ കൂടുതൽ തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യതക്കും അവർക്കു അർഹത നൽകുന്നുണ്ട്. ഓരോ വിദ്യാർത്ഥിയും വിദ്യാഭ്യാസ ജീവിതത്തിൻെറയവസാനത്തോടടുക്കുമ്പോൾ ഈ വസ്തുത അവനിൽ നിന്നൊളിച്ചുവെക്കാനാവില്ല. അതുകൊണ്ട് അവനും അവൻെറ കുടുംബവും വിദ്യാഭ്യാസത്തിനു വേണ്ടി ചെലവഴിച്ച പണവും സമയവും പാഴായിയെന്ന തോന്നൽ അവനുണ്ടാകുന്നു. സമൂഹം തന്നെ വഞ്ചിച്ചെന്നു അവൻ കരുതുന്നു.

ഈ പ്രശ്നങ്ങളിൽ നിന്നാണ് വിദ്യാർത്ഥികൾ ചിന്ത തുടങ്ങുന്നതെങ്കിലും അവയോരോന്നും വെവ്വേറെയെടുത്തു പരിഹരിക്കപ്പെടാനാവില്ലെന്നു അവർ മനസ്സിലാക്കുന്നു. സാമൂഹ്യക്രമത്തിൻെറ സമൂലമായ ഒരു പരിവർത്തനം കൊണ്ടല്ലാതെ മറെറന്തുണ്ടായാലും ശരി, ഇന്നത്തെ നിലതന്നെ തുടരുമെന്നു അവൻ ധരിക്കുന്നു. ഉദാഹരണത്തിനു, ഒരു വിപ്ലവകാരി ചൂണ്ടിക്കാണിച്ചതുപോലെ, 'കുത്തക മുതലാളിത്തമാണ് വേണ്ടത്ര തൊഴിൽ ലഭിക്കാത്തതിൻെറ കാരണ'മെന്നു അവൻ

കണ്ടെത്തുന്നു. വിദ്യാർത്ഥികൾക്കു വേണ്ടി കൂടുതൽ പണംമുടക്കിയതു കൊണ്ട് കൂടുതൽ മെച്ചമുണ്ടാകണമെന്നില്ലെന്നു അവൻ കാണുന്നു. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം യാദൃച്ഛികമായി ആധുനിക വിഷയങ്ങൾക്കെതിരായി തിരിഞ്ഞിട്ടുള്ളതല്ലെന്നും മനപ്പൂർവ്വം അങ്ങിനെയാക്കിയിരിക്കുകയാണെന്നും അവനു ബോദ്ധ്യമാകുന്നു.

## പോംവഴികൾ

ഈ ഘട്ടമെത്തിക്കഴിഞ്ഞാൽ പിന്നെ' അവനു രണ്ടു പോംവഴികളെയുള്ളു. സാമൂഹ്യ വിമർശനത്തിൽ നിന്നു വിദ്യാർത്ഥി സമ്പൂർണ്ണമായും പിൻ വലിയുന്നു. അതല്ലെങ്കിൽ, വിപ്ലവകാരിയായി മാറുന്നു.

ചോദ്യം ദേശീയ സംസ്കാരത്തിലും സ്ഥാപനങ്ങളിലും (വ്യവസ്ഥയിലും) എന്തെന്ത് മാററങ്ങളുണ്ടാകണമെന്നാണ് വിദ്യാർത്ഥികൾ ആഗ്രഹിക്കുന്നത്?

ഈ ചോദ്യത്തെ സംബന്ധിച്ചിടത്തോളം സ്ഥാപനങ്ങളുടെ രംഗത്ത് നിന്നു സംസ്കാരിക രംഗത്തെ വേർതിരിച്ചുനിരത്തുന്നത് പ്രധാനപ്പെട്ട കാര്യമാണ്. സ്ഥാപനത്തെ വിമർശിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളിൽ ബഹുഭൂരിഭാഗവും ഭാരതീയ സംസ്കാരത്തിന്റെ വിമർശകരേയല്ല. വാസ്തവത്തിൽ സാംസ്കാരിക വിപ്ലവത്തിന്റെ അനിവാര്യമായ ആവശ്യതയെക്കുറിച്ചു കാണാൻ മാത്രം പുരോഗതി പ്രാപിച്ചവർ ഈ ഘട്ടത്തിൽ ഒരു കാര്യം മനസ്സിലാക്കുന്നു. സാമ്രാജ്യത്വത്തിന്റെ വികൃത വളർച്ചയായ 'യാങ്കി' സംസ്കാരത്തെ എതിർക്കുകയാണ് ഭാരതീയ സാംസ്കാരത്തിന്റെ കാതലായ ഭാഗത്തെ അധിക്ഷേപിക്കുന്നതാണ് ആ കാര്യം

നിലവിലുള്ള സ്ഥാപനങ്ങൾക്കെതിരായ സമരത്തിൽ 'കപട' ഭാരത സംസ്കാരം എന്നു പറയാവുന്നതിനെതിരായ സമരം ഉൾപ്പെടുന്നുണ്ടെന്നു തീർച്ച. ഇതിന്റെ യഥാർത്ഥ രൂപം അദ്ധ്യയനമാണ് വിദ്യാർത്ഥികളുടെ ജോലി എന്ന വാക്യത്തിൽ കാണാം. മുണ്ഡക ഉപനിഷത്തിലാണ് ഈ വാക്യം കാണുന്നത്. ഈ വാക്യത്തിൽ സുപ്രധാന പ്രശ്നം ഉന്നയിച്ചിരിക്കുന്നത്. എന്താണ് പഠിക്കേണ്ടത്? എന്നതാണിത്. ഇതിനു നൽകപ്പെടുന്ന ഉത്തരം അത്ഭുതകരമാംവണ്ണം ആധുനികമാണ്. 'ജീവിതത്തിൽ സഹായിക്കുന്നതെന്തോ അത് പഠിക്കുക.' ഈ പശ്ചാത്തലത്തിൽ നിന്നു മാററിനിർത്തിയാൽവളരെപിന്തിരിപ്പനാണ് ഈയുപനിഷദ് വാക്യം. അങ്ങനെ തന്നെയാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നതും. പക്ഷെ യഥാർത്ഥ പശ്ചാത്തലത്തിൽ, തക്കവണ്ണം ഉപയോഗിച്ചാൽ, ഈ വാക്യത്തിന്റെയർത്ഥം ഇതുമാത്രമാണ്. വിദ്യാർത്ഥികൾ തങ്ങളെ സഹായിക്കുന്ന കാര്യങ്ങൾ ഗൗരവബുദ്ധിയോടെ പഠിക്കണമെന്നു മാത്രമാണർത്ഥം. ഇതു് എങ്ങിനെയായാലും പിന്തിരിപ്പൻ സമീപനമല്ല.

ആധുനികയദ്ധ്യാപകർ പഴയകാലത്തെ ഗുരുക്കന്മാരായി ഭാവിക്കുമ്പോൾ ഇത്തരം ഭ്രമമാണ് നടത്തുന്നതു്. ഇങ്ങനെയുള്ള സിദ്ധാന്തങ്ങൾ ഉന്നയിക്കുമ്പോൾ ചില കാര്യങ്ങൾ ഓർക്കാറില്ല. (എ) തന്നെ സമീപിക്കുന്ന വിദ്യാർത്ഥികൾക്കു ഗുരു ഭക്ഷണം നൽകണമെന്നാണ് കരുതപ്പെട്ടിരുന്നതു്, (ബി) അവരുടെ വ്യക്തിപരമായ ക്ഷേമത്തിന്റെ എല്ലാ വശങ്ങളും ഗുരു ശ്രദ്ധിക്കണമെന്നും ധാരണയുണ്ടായിരുന്നു. (സി) താനെന്തെങ്കിലും പഠിച്ചുകഴിഞ്ഞുവെന്നു വിദ്യാർത്ഥിക്കു തൃപ്തി വരുമ്പോൾ മാത്രമേ 'ഗുരുദക്ഷിണ, സ്വീകരിക്കാവൂവെന്നായിരുന്നു വെപ്പ്. സ്വാഭാവികമായും പഴയകാലത്തെ ഭാരതീയ ഗുരുക്കന്മാർ ആദരവിനു അർഹത നേടി. അവർക്ക് പാരമ്പര്യം പറയേണ്ടയാവശ്യമുണ്ടായിരുന്നില്ല.

ഭാരതീയ സംസ്കാരത്തെ എങ്ങിനെയാണ് ഉപയോഗപ്പെടുത്തുന്നതെന്നാണ് പരിശോധിക്കുന്നതു്. നിലവിലുള്ള സ്ഥാപനങ്ങളുടെ ശാസനകൾ അനുസരിക്കാൻ വിദ്യാർത്ഥികളെ നിർബ്ബന്ധിക്കുന്ന വിധമാണോ അതു് ചെയ്യുന്നതു്? അതോ നിലവിലുള്ള വ്യവസ്ഥയേയും സ്ഥാപനങ്ങളെയും വിമർശിക്കുന്നതിനുള്ള ഉപകരണമായിട്ടാണോ? വിദ്യാർത്ഥികളുടെ സമീപനത്തെ നിയന്ത്രിക്കേണ്ടതു് ഇതാണ്

ഭാരതീയ സംസ്കാരത്തോടു് ആധുനിക വിദ്യാർത്ഥിക്കുള്ള എതിർപ്പ് ഒരു പക്ഷേ ജാതിയോടും അയിത്തത്തോടും മാത്രമാണ് ഇന്നു് പ്രകടമാക്കുന്നതു്. ഇതുമായി ബന്ധപ്പെട്ടതാണ് ഭാരതീയമതങ്ങളിലെ പൌരോഹിത്യത്തിന്റെ ധൂർത്തടികൾ. നീതികരിക്കാനാവാത്ത വിധത്തിൽ സമയവും പണവും ദുർവ്യയം ചെയ്യപ്പെടുന്നു. പ്രവർത്തന ശേഷി തെററായ വഴിക്ക് തിരിച്ചു വിടുന്നുവെന്നാണ് കൂടുതൽ ആക്ഷേപാർഹമായകാര്യം. പക്ഷേ ഇവക്കെതിരായുള്ള പ്രതിഷേധത്തിന്റെവഴി ഭൌതികവാദത്തിന്റെ അടിസ്ഥാനത്തിലുള്ള കാഴ്ചപ്പാടിനു ശക്തി കൊടുക്കലാണ് 'ഗോവധനിരോധന വിരുദ്ധ' പ്രകടനങ്ങൾ നടത്തണമെന്നതല്ല.

പുരോഗമന വീക്ഷണമുള്ള വിദ്യാർത്ഥി ശ്രദ്ധയൂന്നുന്നത് ഭാരതീയ സംസ്കാരത്തിൽ നാടൻ സ്വഭാവമുള്ളവയിലും, ഭൗതിക വീക്ഷണമുള്ളതും സാമൂഹ്യ വിമർശനപരമയുള്ളതുമായ ദർശനങ്ങളിലും, മനുഷ്യ സംസ്കാരത്തിനു ഭാരതം നൽകിയ ശാശ്വതകലാ രൂപങ്ങളിലും ആയിരിക്കും. ബാക്കി കാര്യങ്ങളുടേ സ്ഥാനത്ത് ആധുനിക സാഹചര്യങ്ങൾക്കു കൂടുതൽ അനുയോജ്യമായ ചിന്തയും പെരുമാററവും കൊണ്ടുവരുന്നതാണ്. ഗാന്ധിയുടേയും അദ്ദേഹത്തിന്റെ അഹിംസയുടേയും സ്ഥാനത്ത് മാവോസേതുങ്ങിന്റെയും ലെനിന്റെയും ചിന്തകൾ കൊണ്ടുവരേണ്ടിവരുമെന്നാണ് ഇതിന്റെയർത്ഥമെന്നു വന്നാൽ പോലും അത് പുരോഗമന വീക്ഷണമുള്ള വിദ്യാർത്ഥി ചെയ്യുന്നതായിരിക്കും.

സംസ്കാരത്തിന്റെ പ്രശ്നം കൈകാര്യം ചെയ്തുകഴിഞ്ഞ സ്ഥിതിക്ക് ഇനി സ്ഥാപനങ്ങളുടെ കാര്യം പരിശോധിച്ചു നോക്കാം. ഒന്നാമതായി വിദ്യാർത്ഥിയാഗ്രഹിക്കുന്നത് സ്വയം പ്രത്യുല്പാദനം നടത്തുന്ന ഉന്നതന്മാരെ സൃഷ്ടിക്കുന്നത് സ്ഥാപനങ്ങൾ അവസാനിപ്പിക്കണമെന്നാണ്. ഇത് അയാൾ മനസ്സിലാക്കുന്നതു പോലെ സാമൂഹ്യ വിപ്ലവം വേണ്ട കാര്യമാണ്. സാമ്രാജ്യത്വ ശക്തികളുടെ പാവയെന്ന നിലക്ക് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അവസാനിക്കണമെന്നാണ് പിന്നെ അയാൾ ആഗ്രഹിക്കുന്നത്. ഇതും സാമൂഹ്യവിപ്ലവം ആവശ്യമുള്ള കാര്യമാണ്. അവസാനമായി ജനവിരുദ്ധ ശക്തിയെന്ന നിലയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അവസാനിക്കണമെന്നു അയാൾ ആഗ്രഹിക്കുന്നു. ഇതിലും സാമൂഹ്യ വിപ്ലവമുൾപ്പെടുന്നുണ്ട്. വിപുലമായ ഒരു സാമൂഹ്യ അട്ടിമറി വഴി നിലവിലുള്ള സ്ഥാപനങ്ങളെ തുടച്ചു നീക്കണമെന്നാണ് ചുരുക്കത്തിൽ വിദ്യാർത്ഥിയാഗ്രഹിക്കുന്നത്.

(ശേഷം 15-ാം പേജിൽ)

**കാഴ്ചപ്പാടുകൾ**

# സേവനവിനോദം

സമൂഹത്തെ സേവിച്ചേ അടങ്ങൂവെന്നു വാശിപിടിക്കുന്ന ഒരു കൂട്ടർ നമ്മുടെ നാട്ടിൽ പെരുകിവരുകയാണ്. 'ഞങ്ങൾ സേവിക്കുന്നു'വെന്നതാണ് ഇക്കൂട്ടരുടെ മുദ്രാവാക്യം. സേവിക്കുകയാണോ ദ്രോഹിക്കുകയാണോ എന്നു തീരുമാനിക്കേണ്ടതു് സമൂഹമാണല്ലോ. പക്ഷെ നമ്മുടെ സമ്പന്നരായ സേവകർക്കു അതൊന്നും നോക്കേണ്ടതില്ല. അവർ സേവിക്കാൻ തുനിഞ്ഞിറങ്ങിയവരാണ്.

ആരാണീ സേവകർ? വൻകിട വ്യാപാരികൾ, ഹൈക്കോടതി ജഡ്ജിമാർ, സമ്പന്നരായ ഡോക്ടർമാർ, അഭിഭാഷകർ, വ്യവസായികൾ എന്നിവരൊക്കെ ഈ സാമൂഹ്യസേവകരിൽപ്പെടുന്നു. അവരൊക്കെ അവരവരുടെ മണ്ഡലത്തിൽ ജോലിചെയ്തു് ആളുകളെ സേവിച്ചാൽ പോരെന്നു മനസ്സിലാക്കി സംഘംചേർന്നു് ജനസേവ നിർവ്വഹിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനുവേണ്ടി നാട്ടുനീളെ സാമൂഹ്യസേവാക്ലബ്ബുകൾ രൂപവൽക്കരിച്ചിരിക്കുന്നു. റോട്ടറി ക്ലബ്ബ്, ലയൺസ്ക്ലബ്ബ്, ജൂനിയർ ചേമ്പർ, വൈസ്-മെൻസ്ക്ലബ്ബ് എന്നിങ്ങനെയുള്ള അന്തരാഷ്ട്ര സംഘടനകളുടെ ശാഖകൾ കൊച്ചുകേരളത്തിലും ഇപ്പോൾ ധാരാളമായുണ്ടു്. ചുരുങ്ങിയതു് എല്ലാ നഗരങ്ങളിലെങ്കിലും ഓരോ ക്ലബ്ബായിക്കഴിഞ്ഞുവെന്നു തോന്നുന്നു.

അടുത്തകാലത്തായി കുറെ പുത്തൻപണക്കാർ ഉണ്ടായിട്ടുള്ളതനുസരിച്ചു് ഈ ക്ലബ്ബുകളുടെ എണ്ണവും കൂടിയിട്ടുണ്ടു്. ചുററുമുള്ള സമൂഹത്തിലെ ദാരിദ്ര്യവും കഷ്ടപ്പാടുകളും അവസാനിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം ചെയ്യാൻ കിടക്കുന്നുവെന്നാണ് ഈ ക്ലബ്ബുകാർ ചോദിക്കുന്നതു്. ഇന്ത്യയെപ്പോലെ ഇത്രയേറെ പ്രശ്നങ്ങളുള്ള മറെറാരു രാജ്യം തന്നെയുണ്ടാകാനിടയില്ല. ദിനംപ്രതി നാലണപോലും ശരാശരി ഒരാൾക്കു വരുമാനമില്ലാത്തതാണ് നമ്മുടെ രാജ്യം. ഇവിടെ തൊഴിലില്ലായ്മയുണ്ടു്. ജനപ്പെരുപ്പമുണ്ടു്. നിരക്ഷരതയുമുണ്ടു്. ഭക്ഷ്യക്ഷാമമുണ്ടു്. അന്ധവിശ്വാസങ്ങളുണ്ടു്. വർഗ്ഗീയതയുണ്ടു്. എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങൾ നൂററാണ്ടുകളായിത്തന്നെ നമ്മോടുകൂടി നമ്മുടെ ചുററും നിലകൊള്ളുന്നു.

ഇവയൊക്കെ പരിഹരിക്കാൻ 'അവനവനെപ്പോലെ അയല്ക്കാരനേയും സ്നേഹിക്കുന്ന ക്ലബ്ബുകാർ തുനിഞ്ഞിറങ്ങുന്നു. ഈ ക്ലബ്ബുകാരക്കു്പെട്ടെന്നാണ് സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചും തനിക്കുചുററുമുള്ള സമൂഹത്തെക്കുറിച്ചും ബോധമുണ്ടാകുന്നതു്. അമേരിക്കയിൽ തുടങ്ങിയ ക്ലബ്ബുകളുടെ സന്ദേശം കേട്ടു് അവർ ആവേശഭരിതരാവുന്നു.

ലയൺസ് ക്ലബ്ബ്യാലും റോട്ടറിക്ലബ്ബായാലും ജൂനിയർ ചേമ്പറായാലും എല്ലാം അമേരിക്കയിലെ സായിപ്പ്മാർ ആരംഭിച്ചതാണ്. സ്വന്തം നാട്ടിൽ തനിക്കുചുററുമുള്ളപ്രശ്നങ്ങളെക്കുറിച്ചു് ഈ പണക്കാർ ബോധവാന്മാരാകുന്നത് സായിപ്പ്മാർ തുടങ്ങിയ ക്ലബ്ബ്കളിൽ ചേരുമ്പോഴാണ് ഇവർക്കു് സ്വയം എന്തുകൊണ്ടു് നാട്ടുകാരുടെ ഒരു ക്ലബ്ബ്ആരംഭിച്ചു് സേവനംനടത്താമായിരുന്നില്ലേ? ഈക്ലബ്ബ്കളൊക്കെ പാശ്ചാത്യ നാടുകളിൽ നിന്നു വന്നിരുന്ന അന്താരാഷ്ട്രസംഘടനകളാണ്. ഒന്നും തന്നെഇവിടെയാരംഭിച്ചവയല്ല. ക്ലബ്ബ്മേധാവികൾ ആളുകളെവിളിച്ചുകൂട്ടി അഭിമാനംപറയുന്നതുകേൾക്കാം. 145രാജ്യങ്ങളിലായി 23000ൽപ്പരം ക്ലബ്ബ്കളിൽ ഒമ്പതു ലക്ഷം അംഗങ്ങളുള്ളതാണ് തങ്ങളുടെ സംഘടനയെന്നു ഈയിടെഒരു ക്ലബ്ബുമേധാവിപറഞ്ഞു കേട്ടു. ഇത്രയേറെ ജനസേവകർ ഒരു ക്ലബ്ബിൽതന്നെ ലോകവ്യാപകമായി അംഗങ്ങളായിട്ടുള്ളപ്പോൾ ലോകത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ പോകുന്നതെങ്ങിനെയെന്നാണ് മനസ്സിലാക്കാൻ വിഷമമുണ്ടാവുക.

ജനനം അമേരിക്കയിലാണെന്നതു-പോലെ തന്നെ ക്ലബ്ബിന്റെ പ്രവർത്തന രീതിയും അമേരിക്കയിലേതു പോലെതന്നെയാണ്. പറയത്തക്കതായ പാരമ്പര്യമൊന്നുമില്ലാത്ത രാജ്യമാണല്ലൊ അമേരിക്ക. അമേരിക്കയിലെ ആദ്യ കുടിയേററക്കാർ മിക്കവരും നാട്ടിൽ നിൽക്കാൻ നിവൃത്തിയില്ലാതെ ചാടിപ്പോയവരാണെന്നാണ് ചരിത്രം. കടൽക്കള്ളന്മാർ, സ്വർണ്ണം മോഹിച്ചു് ചാടിപ്പോയവർ, കൊള്ളക്കാർ, കവർച്ചക്കാർ എന്നിവരൊക്കെ ആദ്യത്തെ അമേരിക്കൻ കുടിയേററക്കാരിൽ ഉണ്ടായിരുന്നു. ഇംഗ്ലണ്ടു്, സ്പെയിൻ, പോർട്ടുഗൽ തുടങ്ങി ഫ്യൂഡൽ പാരമ്പര്യങ്ങളുള്ള രാജ്യങ്ങളിൽ നിന്നു അമേരിക്കയിലേക്കുധാരാളമായി കുടിയേററമുണ്ടായിട്ടുണ്ടു്. ഈ കുടിയേററക്കാർ നാട്ടിൽ ആദരിക്കപ്പെട്ടിരുന്നവരായിരിക്കാനിടയില്ലെന്നു തീർച്ച. പക്ഷെ കുടിയേററക്കാർ ക്രമേണ പണക്കാരായപ്പോൾ അവർ നാട്ടിലെ ഫ്യൂഡൽ പാരമ്പര്യങ്ങളും പ്രഭുക്കളുടെ ജീവിതരീതിയും അയവിറക്കാൻ തുടങ്ങിയിട്ടുണ്ടാകണം. രാജാക്കന്മാരുടെയും റാണിമാരുടെയും അലങ്കാരങ്ങളും ചടങ്ങുകളും അലസത ജീവിതവും മുമ്പു് കൊതിയോടെ ഓർത്തോർത്തിരുന്നവരുടെ പിൻഗാമികളാണ് അമേരിക്കയിലെ പണക്കാരായി വന്നവരിൽ മിക്കവരും. പണമുണ്ടാകുകയും 'പാരമ്പര്യമില്ലാതിരിക്കുകയും ചെയ്താൽ ആളുകൾക്കു് ഒരു തരം അപകർഷതാബോധം പിടിപെടാറുണ്ടു്. അവർ പഴയ 'തറവാട്ടുകാരേയും ജന്മിമാരേയും' ജീവിതരീതികളിൽ അനുകരിക്കാൻ തുടങ്ങും (ഇതൊക്കെ മുതലാളിത്ത രാജ്യങ്ങളിൽ സാധാരണ കാണാവുന്നതാണ്. സമൂല പരിവർത്തനത്തിലും സ്ഥിതി സമത്വത്തിലും ആവേശം കൊള്ളാത്തവർ ഈ മാനസികാടിമത്വത്തിൽ നിന്നു വിമുക്തമാവാൻ വിഷമമാണ്) അങ്ങിനെ അമേരിക്കയിലെത്തി, പുത്തൻ പണക്കാരായിത്തീർന്ന ഒരു കൂട്ടമാളുകൾക്കു് നാടുവാഴിത്വ ചടങ്ങുകളോടും തോന്നിയിട്ടുണ്ടാവുക സ്വാഭാവികമാണ്. അവരുണ്ടാക്കിയ ക്ലബ്ബ്കളുടെ സാമ്രാജ്യത്തിൽ ഇത്തരം ഫ്യൂഡൽ ചടങ്ങുകൾ ഏർപ്പെടുത്തുകയും ചെയ്തതായിരിക്കണം.

റോട്ടറി ക്ലബ്ബുകൾ, ലയൺസ് ക്ലബ്ബുകൾ തുടങ്ങിയവയിലെ ചടങ്ങുകൾ കണ്ടാൽ ചിന്തിക്കുന്നവർക്കു ചിരിവരും. നീണ്ടുനിൽക്കുന്ന സ്ഥാനാരോഹണച്ചടങ്ങുകളും മററും ഈ ക്ലബ്ബുകൾക്കുണ്ടു്. അമേരിക്കയിലെ ഭരണാധികാരികളെപോലെതന്നെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഗവർണ്ണർ എന്നൊക്കെയാണ് ക്ലബ്ബുമേധാവികളേയും വിളിക്കുക. പതാകവന്ദനം, പാനോപചാരപ്രസംഗം സത്യവാചകം ചൊല്ലൽ തുടങ്ങിയ ബോറുകൾ സഹിക്കണമെങ്കിൽ സാമാന്യത്തിലേറെ ക്ഷമതന്നെ വേണം. പുതിയ ക്ലബ്ബിന്റെ ഉൽഘാടനത്തിലോ, പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണത്തിലോ ഒരിക്കൽ സംബന്ധിച്ചാൽ എന്തെങ്കിലും മത ചടങ്ങിൽ സംബന്ധിക്കുന്ന ഒരു പ്രതീതിയാണുണ്ടാവുക.

അങ്കവസ്ത്രമായ മേലങ്കി ധരിച്ച ഗവർണ്ണർ കഴുത്തിൽ സ്ഥാനചിഹ്നമണിഞ്ഞു നിൽക്കും. നീല റിബണിൽ കോർത്ത സ്വർണ്ണമുദ്ര മാലപോലെ കഴുത്തിലണിഞ്ഞു നിൽക്കുന്ന അദ്ദേഹത്തിന്റെ മുന്നിൽ

---

**രാജൻ**

അധികാര ചിഹ്നമായ ചുററികയും മുദ്ര കൊത്തിയ മണിയും ഉണ്ടാകും. ഗവർണ്ണർ പുതിയ ഭാരവാഹികളെ പേർചൊല്ലിയടുത്തേക്ക് വിളിക്കും. സേവനത്തിനുള്ള തങ്ങളുടെ ചുമതല വിവരിക്കുന്ന നീണ്ടയൊരു വാചകമടിക്കുശേഷം ചുമതല നിർവ്വഹിക്കാൻ തയാറാണോയെന്നു ചോദിക്കും. 'അതെ'യെന്നു പുതിയ ഭാരവാഹിയുത്തരം പറയും. അമേരിക്കൻ പ്രസിഡൻറ് സത്യപ്രതിജ്ഞ ചെയ്യുന്നപോലെ വിടർത്തിയ കൈപ്പത്തി മാറിനു മുമ്പിൽ ഉയർത്തിപ്പിടിച്ച് സത്യപ്രതിജ്ഞയാണ് പിന്നെ. അതും കഴിഞ്ഞു എല്ലാവരും മെഴുകുതിരി കത്തിച്ചു വെക്കുന്നതും കാണാം. പിന്നെ സമൃദ്ധമായ ശാപ്പാട് നടക്കും. ശാപ്പാടിനിടക്കിടക്ക് മദ്യഗ്ലാസ്സുകൾ ഉയർത്തി പാനോപചാരപ്രസംഗങ്ങൾ. അതിഥികൾക്ക് ഉപചാരം, ലോകസമാധാനത്തിവേണ്ടി ഉപചാരം, വനിതകൾക്ക് വേണ്ടി ഉപചാരം, സഹോദര ക്ളബ്ബുകൾക്കുവേണ്ടി ഉപചാരം. അങ്ങിനെ ചടങ്ങുകൾക്കു പിറകെ ചടങ്ങുകൾ. എല്ലാം അവസാനിക്കാറാകുമ്പോഴേക്കും മിക്കവാറും പേർ മദ്യലഹരിയിൽ മയങ്ങിക്കഴിയും.

നഗരങ്ങളിലെ വൻകിട പട്ടണങ്ങളിൽ പണക്കാർ നടത്തുന്ന ഈ ഗോഷ്ടികളെക്കുറിച്ചു സധാരണക്കാരായ നാട്ടുകാർക്ക് വലിയ അറിവൊന്നുമില്ല. പുറമെ വന്നു 'മാന്യത' ചമയുന്ന സമ്പന്നർ സാമൂഹ്യസേവനത്തെത്തന്നെ പരിഹാസ്യമാക്കുന്ന കോപ്രാട്ടികളാണ് പല ക്ളബ്ബുകളുടെയും പേരിൽ സാധാരണക്കാർക്ക് അപ്രാപ്യമായ വൻകിട ഹോട്ടലുകളിൽ നടത്തികൊണ്ടിരിക്കുന്നത്. മിക്ക ക്ളബ്ബു സമ്മേളനങ്ങളും തനി മദിരോത്സവങ്ങളാണ്. മദ്യം കുടിച്ചുള്ള കൂത്താട്ടമാണ് അവിടെ നടക്കുന്നത്. എല്ലാററിലും പാശ്ചാത്യരെ അനുകരിക്കുന്ന ഈ ക്ളബ്ബുകളിലെ പല പണക്കാരും ഈ കൂത്താട്ടങ്ങൾ നടക്കുന്നിടത്ത് തങ്ങളുടെ ഭാര്യമാരെ കൊണ്ടുപോകാറില്ല. അക്കാര്യത്തിൽ പലരും പാശ്ചാത്യരാകാൻ മടിക്കാണിക്കുന്നുണ്ടു. ചുരുക്കം ചില സ്ത്രീകളെ ഈ ക്ളബ്ബു സമ്മേളനങ്ങളിൽ കണ്ടെന്നു വരും. അവര സ്വയം അംഗങ്ങളായതുകൊണ്ടല്ലാ. ഈ ക്ളബ്ബുകളിൽ സ്ത്രീകൾക്ക് ഭാര്യമാരെന്ന നിലക്കല്ലാതെ സ്വന്തമായ അംഗത്വത്തിനു അവകാശമില്ലാ. അക്കാര്യത്തിലും പാശ്ചാത്യാനുകരണം തന്നെയാണ് നമ്മുടെ പണക്കാരും പിന്തുടരുന്നത്. ഭർത്താക്കന്മാർ മദ്യപിച്ചു നടത്തുന്ന കൂത്താട്ടം ദീർഘനേരം കണ്ട് കൊണ്ട് ഇരിക്കേണ്ടി വരുന്ന സ്ത്രീകളോട് അനുകമ്പയാണുണ്ടാവുക.

വൻകിട ഹോട്ടലുകളിലെ പുൽത്തകിടികളിലോ മററു ഒഴിഞ്ഞ സ്ഥലത്തോ മാറിയിരുന്നു സാരിയെപ്പററിയോ ആഭരണത്തെപ്പററിയോ പറഞ്ഞു സമയം കളയുകമാത്രമേ ക്ളബ്ബു സമ്മേളനങ്ങളിൽ സംബന്ധിക്കുന്ന സമ്പന്ന സ്ത്രീകൾ ചെയ്യുന്നുള്ളൂ. പാശ്ചാത്യ നാടുകളിലെപ്പോലെ ഇവിടെ ഇനിയും സ്ത്രീകളും പുരുഷന്മാരോടൊപ്പം മദ്യപിച്ചു തുടങ്ങിയിട്ടില്ല. ചുരുക്കം ചില സ്ത്രീകൾ മദ്യപിക്കുന്നതും കാണാം. ഇവരെപ്പററി മദ്യപിക്കാത്ത സ്ത്രീകൾ തമ്മിൽ തമ്മിൽ രഹസ്യമായി പുച്ഛിച്ച് സംസാരിക്കാറുമുണ്ട്. നാട്ടിലെ ആചാരങ്ങളിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും എത്ര ശ്രമിച്ചിട്ടും വിട്ടുപോകാൻ സാധിക്കാത്തതുകൊണ്ടു്, ചില ക്ളബ്ബംഗങ്ങൾ, മദ്യത്തിൻെറ ലഹരിയിൽ അന്യരുടെ ഭാര്യമാരുമായി ശൃംഗരിക്കുന്നതു് കണ്ടു അസഹ്യത ഒതുക്കാൻ ശ്രമിക്കുന്നതും അസാധാരണമായ കാഴ്ചയല്ല.

അനുകരണഭ്രമത്തിൻേറയും അപകർഷതാബോധത്തിൻെറയും പ്രദർശനരംഗങ്ങളാണെങ്കിലും ഈ ക്ളബ്ബുകൾ മുതലാളിത്ത വ്യവസ്ഥിതിക്കുവേണ്ടിയും സ്വകാര്യസ്വത്തിനുവേണ്ടിയും മികച്ച സേവനമനുഷ്ടിക്കുന്നുണ്ടു്. ഇടക്കിടെ വമ്പിച്ച പ്രചരണ സന്നാഹങ്ങളോടെ ക്ളബ്ബുകാർ ചില സേവന സ്ഥാനങ്ങൾ ഉൽഘാടനം ചെയ്യും. പത്തു പതിനായിരം രൂപ പിരിച്ചെടുത്തു് ഒരു ഡിസ്പെൻസറി, പണി കഴിപ്പിച്ചെന്നു വരാം. ആമ്പുലൻസ് വാൻ സംഭാവന നൽകിയെന്നും വരാം. സ്കൂൾ കുട്ടികൾക്കു യൂണിഫോറത്തിനുള്ള തുണിനൽകുകയോ, വിദേശത്തെ ക്ളബ്ബുകളിൽനിന്നു മരുന്നു വരുത്തി ആസ്പത്രിക്കു സംഭാവന നൽകുകയോ ചെയ്ത കുളബ്ബുകളുണ്ടു്. ഇത്തരം സേവനങ്ങളുടെ മറുവശം അറിയണമെങ്കിൽ, അതിൻെറ അമ്പരപ്പിക്കുന്ന അസംബന്ധം മനസ്സിലാക്കണമെങ്കിൽ കുറെക്കൂടി ഉള്ളിലേക്കു കടന്നുനോക്കണം.

സാമൂഹ്യസേവന ക്ളബ്ബുകളിലൊന്നു ഒരിക്കൽ ഒരു ഡിസ്പൻസറി നിർമ്മിക്കുകയുണ്ടായി. അതിൻെറ ഉൽഘാടനച്ചടങ്ങ് അത്യധികമായ ആർഭാടത്തോടെയാണ് നടത്തിയതു്. സംസ്ഥാന മുഖ്യമന്ത്രിയെ തന്നെ ഉൽഘാടനത്തിനു കൊണ്ടുവന്നു. ഉൽഘാടനത്തിനു വന്ന മുഖ്യമന്ത്രിക്കു "രാജോചിത' സ്വീകരണത്തിനു ഏർപ്പാടുണ്ടായിരുന്നു. തപ്പും കുഴലും വെടിക്കെട്ടും എല്ലാം ചേരുന്നുള്ള സ്വീകരണം. സ്വീകരണത്തിനിടയിൽ ധ്വരമാരെ പോലെ വേഷം ധരിച്ച ക്ളബ്ബംഗങ്ങൾ പരസ്പരം നോക്കി തങ്ങളുടെ സേവനത്തിൽ നാട്ടുകാർക്കുള്ള സന്തോഷം കണ്ടു് ആനന്ദിക്കുന്നുണ്ടായിരുന്നു. സായിപ്പുമാർ പഴയ കോളനികളിൽ കപ്പലിറങ്ങുമ്പോഴത്തെ മുഖഭാവമാണ് പട്ടണത്തിൽ നിന്നു എത്തിയ ഈ പണക്കാർക്കു നാട്ടുകാരെ കണ്ടപ്പോൾ ഉണ്ടായതു്.

പതിനായിരം രൂപ ചെലവാക്കി ആസ്പത്രിപണിയുന്നതിൻെറ ഉൽഘാടനം സംബന്ധിച്ച് ക്ളബ്ബ്കാർഒരു ചടങ്ങേർപ്പെടുത്തിയിരുന്നു. മുഖ്യമന്ത്രി തന്നെ വിരുന്നിലെ മുഖ്യാതിഥി. മുഖ്യമന്ത്രിഎത്തും മുമ്പേ ക്ളബ്ബംഗങ്ങളും മററും അതിഥികളും മദ്യത്തിൽമുഴുകയായിരുന്നു. പത്തുമുന്നൂറു് പേർക്ക് വിഭവസമൃദ്ധമായ വിരുന്നുതയ്യാറാക്കിയിരുന്നു. ആളൊന്നിനു്പതിനഞ്ചു് രൂപചിലവ് വരുന്ന വിരുന്ന് ഓരോരുത്തരും ഏതാണ്ടു് അത്രയുംരൂപചെലവാക്കിമദ്യപിക്കുകയും ചെയ്തു. മദ്യപിക്കുന്നവർ ഒന്നോ രണ്ടോ പേർമാത്രമേ ഈക്കൂട്ടത്തിലുണ്ടായിരുന്നുള്ളു. ചുരുക്കത്തിൽപതിനായിരം രൂപചെലവാക്കി ഡിസ്പൻസറി പണിചെയ്തതിൻെറ ഉൽഘാടനം പതിനായിരത്തിലധികം രൂപചിലവാക്കി വിരുന്നുനടത്തിയാണ് ഈസാമൂഹ്യസേവകർ കൊണ്ടാടിയതു്. മുഖ്യാതിഥികളായി സംബന്ധിക്കുന്ന മന്ത്രിമാരുംമററും ഈ ക്ളബ്ബുകളുടെ സേവനത്തെപ്പററിയും ഇനിയും സേവനമനുഷ്ടിക്കുന്നതിനെപ്പററിയും പ്രസംഗിക്കും. ഇതിൽ മാർക്സിസ്ററുകാരെന്നോ സോഷ്യലിസ്ററുകാരെന്നോ സ്വതന്ത്രാപാർട്ടിക്കാരെന്നോ വ്യത്യാസമില്ല. ക്ലബ്ബുകരായസമ്പന്നർക്കു ആവശ്യവും അവരുടെ സേവനത്തിനും ഇങ്ങനെ അധികാരസ്ഥാനത്തുനിന്നും രാഷ്ട്രീയക്കാരിൽ നിന്നും കിട്ടുന്നപ്രശംസയാണ് ചുററുപാടുമുള്ള ദരിദ്രസമൂഹത്തെ ചൂഷണംചെയ്താണ് തങ്ങൾ ആഡംബരങ്ങളനുഭവിക്കുന്നതെന്ന അസത്യത്തെ മറച്ചു വെക്കാനുള്ളവെമ്പലാണ് ഇതിൻെറ പിന്നിൽ കാക.

കരിഞ്ചന്തക്കാരായവരും കള്ളക്കടത്തുകാരായവരും അധികാരസ്ഥാനങ്ങളലിരിക്കുന്നവരുമായി ബന്ധം സ്ഥാപിക്കുന്നതിനു ഇത്തരം ക്ളബ്ബുകളെ ഉപയോഗപ്പെടുത്താറുണ്ടു്. ഹൈക്കോടതി ജഡ്ജി

(ശേഷം 11-ാം പേജിൽ)

# എഴുതാപ്പുറം

ഇന്ത്യയുടെ ഭരണാധികാരികളും രാഷ്ട്രീയകക്ഷികളും 'മുസ്ലീംലീഗിനു നൽകിത്തുടങ്ങിയ' മാന്യത കാരണം ആ വർഗ്ഗീയ സംഘടനയുടെ പ്രവർത്തനം വ്യാപകമായിത്തുടങ്ങിയിരിക്കയാണ്. ഇന്ത്യാ വിഭജനത്തിനുശേഷം കേരളത്തിൽ മാത്രം ഒതുങ്ങിക്കൂടിയ മുസ്ലീംലീഗ് ഇന്നു മററു സംസ്ഥാനങ്ങളിലും ശാഖകൾ തുറന്നു സമ്മേളനങ്ങൾ നടത്തിത്തുടങ്ങിയിരിക്കുന്നു. തമിഴ്നാടിൽ ഭരണകക്ഷിയായ ദ്രാവിഡമുന്നേററകഴകവും മുസ്ലീംലീഗും തമ്മിൽ നേരത്തെ തന്നെ സഖ്യത്തിലാണ്. ഈയിടെ ഈ സഖ്യത്തെ പൂർണ്ണമായി പ്രയോജനപ്പെടുത്താനുള്ള ശ്രമത്തിൽ മുസ്ലീംലീഗ് സേലത്തു വെച്ച് ജില്ലാസമ്മേളനം നടത്തുകയുണ്ടായി. തമിഴ്നാട്ട് തദ്ദേശ സ്വയം വകുപ്പ് മന്ത്രി എം. മുത്തുസ്വാമി ഈ സമ്മേളനത്തിൽ സൌഹാർദ്ദ പ്രതിനിധിയായി സംബന്ധിച്ച് പ്രസംഗിക്കുകയും ചെയ്തു.

ഇന്ത്യാ വിഭജനത്തിനുമുമ്പും പിമ്പും മുസ്ലീംലീഗ്കാരനും ആ സംഘടനയുടെ അഖിലേന്ത്യാ പ്രസിഡണ്ടുമായ ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മെയിലും സെക്രട്ടറി ഇബ്രാഹിം സുലൈമാൻസേട്ടും കേരള നേതാവ് ബാഫക്കിത്തങ്ങളും സേലം ജില്ലാ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. അഖിലേന്ത്യാ കോൺഗ്രസ്സ് നേതാക്കളെയനുകരിച്ചു കൊണ്ട് ആർ. എസ്സ്. എസ്സ് തുടങ്ങിയ വർഗീയ ശക്തികളെ അടിച്ചമർത്തുമെന്നു (ചന്ദ്രിക, ജൂൺ 16) മന്ത്രി മുത്തുസ്വാമി മുസ്ലീംലീഗ് സമ്മേളനത്തിൽ പ്രസംഗിച്ചു. മുസ്ലീംലീഗ് വർഗീയ സംഘടനയല്ലെന്നും അദ്ദേഹത്തിനു അഭിപ്രായമുണ്ടായിരിക്കണം. "പെരിയാരേയും അണ്ണായേയും കാണുന്നപോലെയാണ്" തമിഴ്നാട്ടിലെ ജനങ്ങൾ മുസ്ലീംലീഗ് പ്രസിഡണ്ട് മുഹമ്മദ് ഇസ്മായിലേനേയും കാണുന്നതെന്നു സി. എം. കെ. മന്ത്രി എം. മുത്തുസ്വാമി മുസ്ലീംലീഗ് സമ്മേളനത്തിൽ തട്ടിവിട്ടിട്ടുണ്ട്.

ഡി. എം. കെ. ക്കാർ നിരീശ്വരവാദികളും ഉത്തരേന്ത്യൻ മേധാവിത്വത്തെ എതിർക്കുന്നവരും ഹിന്ദിവിരുദ്ധരും ഒക്കെ ആണെന്നാണ് പറഞ്ഞുകേൾക്കുന്നത്. മുത്തുസ്വാമിയുടെ മുസ്ലീംലീഗുപ്രേമം കാണുമ്പോൾ ചില സംശയമൊക്കെ ആർക്കും ഉണ്ടായിപ്പോകും. മുത്തുസ്വാമി പ്രസംഗിച്ച സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച എം. എം. ശരീഫ് ചെയ്ത പ്രസംഗത്തെപററി ഡി. എം. കെ. യുടെ അഭിപ്രായം അറിയാൻ ആളുകൾക്ക് താല്പര്യം കാണും. അഖിലേന്ത്യാ മുസ്ലീംലീഗ് പ്രസിഡൻറ് മുഹമ്മദ് ഇസ്മെയിലെ പുകഴ്ത്തിക്കൊണ്ട് എസ്സ്. എം. ശരീഫ് പറഞ്ഞു. 'ശരിക്കത്ത് നിയമത്തിൽ മാററം വരുത്തണമെന്നു ചില തൽപ്പരകക്ഷികൾ ആവശ്യപ്പെട്ടപ്പോൾ ശരിക്കത്ത് നിയമം ഒരിക്കലും മാററം വരുത്തരുതെന്നു ഈ വന്ദ്യവയോധികനാണ് ചങ്കുററത്തോടെ വാദിച്ചത്''

ഒരു ഭ്രാന്തനായ ഒരു വൃദ്ധനല്ലാതെ ഈ ചങ്കുററം കാണില്ലെന്നു സംശയിക്കണം. ഇഷ്ടംപോലെ പെണ്ണുങ്ങളെ കെട്ടിക്കൊണ്ട് വരാനും മൊഴിചൊല്ലാനും അനുവദിക്കുന്ന ശരിക്കത്ത് നിയമത്തിൻെറ കാവൽഭടനാണ് മുഹമ്മദ് ഇസ്മെയിൽ എന്നല്ലെ ശരീഫ് പുകഴ്ത്തുന്നത്. അദ്ദേഹത്തിൻെറ കൂട്ടുകാരനായ ബാഫക്കിത്തങ്ങൾക്കു ഭാര്യമാരുടെ എണ്ണം ചോദിക്കുന്നതു് അരിശവുമാണ്. കണ്ണുതുരന്നെടുക്കുക, കയ്യ്വെട്ടിക്കളയുക തുടങ്ങിയ ശിക്ഷാവിധികളും ശരിക്കത്ത് നിയമത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പഴഞ്ചത്തത്തിനു നേതൃത്വം നൽകുന്ന മുഹമ്മദ് ഇസ്മെയിലിനെ അണ്ണാദുരയെപ്പോലെ ഡി. എം. കെ. ക്കാർ കരുതുന്നുവെന്നു മുത്തുസ്വാമി പറയുന്നു.

അങ്ങിനെ തന്നെങ്കിൽ, പെരിയോർ രാമസ്വാമി നായകരുമായി തെററിപ്പിരിഞ്ഞു ദ്രാവിഡകഴകം വേണ്ടെന്നുവെച്ച് ദ്രാവിഡ മുന്നേററ കുഴപ്പംഉണ്ടാക്കാൻ അണ്ണാദുര തയ്യാറായതെന്തിനാണെന്നു മനസ്സിലാകുന്നില്ല. വൃദ്ധനായ പെരിയാർ താരതമ്യേന ചെറുപ്പക്കാരിയായ ഒരു സ്ത്രീയെ വിവാഹംകഴിച്ചതിൽ പ്രതിഷേധിച്ചാണ് അണ്ണാദുരക്കും കൂട്ടരും ദ്രാവിഡകഴകം വിട്ടുപിരിഞ്ഞതെന്നാണറിവ്. സ്ത്രീകളോട് കാണിക്കുന്ന അനാദരവിൽ അണ്ണാദുരക്ക് അത്ര കടുത്ത പ്രതിഷേധമുണ്ടായിരുന്നു. ഇപ്പോൾ അണ്ണാദുരശിഷ്യൻ സ്ത്രീകളെ അടിമകളാക്കി വെച്ചുകൊണ്ടിരിക്കുന്ന ശരിയത്ത നിയമത്തിൻെറ പരിരക്ഷകരായ മുസ്ലീം ലീഗ്കാരുമായി കൈകോർത്തു പിടിച്ചിരിക്കുന്നു.

മുത്തുസ്വാമിയെ ഇരുത്തിക്കൊണ്ട് തന്നെ മുഹമ്മദ് ഇസ്മയിലിനെ പ്രശംസിച്ച് പ്രസംഗിച്ച എസ്സ്. എം. ശരീഫ് മറെറാരുകാര്യം കൂടിപ്പറയുന്നു' ഉറുദുവിനാവശ്യമായസ്ഥാനംനൽകണമെന്നും ഉറുദുകൂടുതൽ സംസാരിക്കുന്നിടത്തെല്ലാം രണ്ടാം ഭാഷ ഉറുദു ആക്കണമെന്നും സ്ക്കൂളിൽ ഉറുദുപഠിപ്പിക്കണമെന്നും'' മുഹമ്മദ് ഇസ്മയിൽ വാദിച്ചു കൊണ്ടിരിക്കുന്നു. (ചന്ദ്രിക, ജൂൺ 16)

മുസ്ലീംലീഗ് പ്രസിഡൻറിൻെറ വാദത്തിനോട് ഡി. എം. കെ. നേതാവിനു യോജിപ്പാണോ എന്നറിഞ്ഞുകൂടാ. ഉത്തരേന്ത്യൻ വിരോധക്കാരായ ഡി. എം. കെ. ക്കാർ ഹിന്ദി പഠിപ്പിക്കുന്നതിനെ മാത്രമായിരിക്കണം എതിർക്കുന്നത്. സ്കൂളുകളിൽ ഹിന്ദി കടത്തുകയില്ലെന്നു ശാഠ്യം പിടിക്കുന്ന ഡി. എം. കെ. ക്കാർക്ക് സ്ക്കൂളുകളിൽ ഉറുദു പഠിപ്പിക്കാൻ വിഷമമുണ്ടാകയില്ല. മുസ്ലീമുകൾക്ക് പ്രത്യേകമായി ഒരു ഭാഷയുണ്ടോ? അത് ഉറുദുവാണോ എന്നൊന്നും നോക്കേണ്ടയാവശ്യം മുസ്ലീംലീഗിനും ഡി. എം. കെ. ക്കും ഉണ്ടാകേണ്ടയാവശ്യമില്ല. അറബി പഠിപ്പിക്കണമെന്നു പറയാതെ എന്തുകൊണ്ടാണ് ഉറുദുപഠിപ്പിക്കണമെന്നു മുഹമ്മദ് ഇസ്മെയിൽ വാദിക്കുന്നതെന്നു മനസിലാകുന്നില്ല. മുസ്ലീം മതത്തോടുള്ള സ്നേഹത്തേക്കാൾ അദ്ദേഹത്തിനു പാക്കിസ്ഥാനോട് സ്നേഹക്കൂടുതലുള്ളതുകൊണ്ടാണോ? പണ്ട് മുസ്ലീമുകളുടെ പ്രത്യേക സംസ്കാരത്തിനും ഉറുദുവിനും വേണ്ടി വാദിച്ച് ശീലമായ എഴുപത്തഞ്ചുകാരനായ മുഹമ്മദ് ഇസ്മെയിലിനു എല്ലാ മുസ്ലീമുകളുടേയും ഭാഷാ ഉറുദുവാണെന്ന ധാരണയുണ്ടായിക്കാണണം. മുസ്ലീം മതത്തിൻെറ പേരിലാണെങ്കിൽ അദ്ദേഹം കേരളത്തിലെ മുസ്ലീംലീഗ് മന്ത്രിയെപ്പോലെ അറബി പഠിപ്പിക്കണമെന്നു വാദിക്കേണ്ടതല്ലേ? ഒരുപക്ഷെ അടുത്തുതന്നെ കേരളത്തിലെ മുസ്ലീംകുട്ടികളെ മലയാളം പഠിപ്പിക്കരുതെന്നും പകരം ഉറുദുപഠിപ്പിക്കണമെന്നും അഖിലേന്ത്യാ മുസ്ലീംലീഗ് നേതാവ് മുഹമ്മദ് ഇസ്മെയിൽ കേരളത്തിലെ മുസ്ലീം ലീഗ് മന്ത്രിക്കും നിർദ്ദേശം നൽകാനിടയുണ്ട്.

മുസ്ലീംലീഗ് നേതാക്കളുടെ മനസ്സ് എത്ര വിചിത്രമായ രീതിയിലാണ് പ്രവർത്തിക്കുന്നതെന്നറിയുന്നതിനു സേലം ജില്ലാ മുസ്ലീംലീഗ് സമ്മേളനത്തിലെ പ്രസംഗങ്ങൾ വായിച്ചാൽ മതി. സമ്മേളനത്തിൽ അബ്ദു സമ്മദ് (എം. പി.) ചെയ്ത പ്രസംഗം നോക്കണം. അദ്ദേ

നിർണ്ണയം.

ഹം മുസ്ളീംലീഗ് പ്രസിഡണ്ട് മുഹമ്മദ് ഇസ്മെയിലിന്റെ ധീരതയെയാണ് പുകഴ്ത്തുന്നതു്. എന്താണ് ഈ ധീരതയുടെ ലക്ഷണമെന്നല്ലേ? 'ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മെയിൽ സാഹിബ് ഇന്ത്യയിലെ ധീരനായ നേതാക്കളിൽ ഒരാളാണെന്നും ഗാന്ധിജി കൊലചെയ്യപ്പെട്ട കാലത്തും ഡൽഹി നഗരത്തിലൂടെ തുർക്കിത്തൊപ്പി ധരിച്ചു സഞ്ചരിക്കാൻ അദ്ദേഹം മാത്രമാണ് ധൈര്യം കാണിച്ച'തെന്നും ഈ പാർലിമെൻറംഗം പറഞ്ഞു (ചന്ദ്രിക ജൂൺ 18) പ്രസംഗം തുടരുകയാണ്. 'പോലീസുകാർ സംരക്ഷണം വേണമോ എന്നാരാഞ്ഞപ്പോൾ രാഷ്ട്രപിതാവിന്റെ ജീവൻ രക്ഷിക്കാൻ സാധിക്കാത്ത പോലീസിനു തന്റെ ജീവനെ രക്ഷിക്കാൻ കഴിയില്ലെന്നും തനിക്കു അല്ലാഹുവിന്റെ രക്ഷയുണ്ടെന്നുമാണ് അദ്ദേഹം മറുപടി പറഞ്ഞതു്.'

ഗാന്ധിജിയെ കൊലചെയ്തപ്പോൾ മുസ്ളീംലീഗുകാർക്കും ഇന്ത്യയിൽ ഒരു കുഴപ്പവും ഉണ്ടായിട്ടില്ല. ഗാന്ധിജിയെ കൊന്നതു് മുസ്ളീമോ, മുസ്ളീംലീഗുകാരനോ അല്ലതാനും. പോലീസിനു ജീവൻ രക്ഷിക്കാൻ കഴിയില്ലെന്നും അല്ലാഹു തന്റെ രക്ഷയാണെന്നും പറഞ്ഞതാണ് ധീരതയെങ്കിൽ സൂക്ഷിക്കണം. അല്ലാഹുവിന്റേയും ഇസ്ലാമിന്റേയും പേരിൽ രാഷ്ട്രംതന്നെയുണ്ടാക്കിയ ലിമിഖത്ത് ആലിക്കാനെ വെടിവെച്ചുകൊന്നു. പാക്കിസ്ഥാനിലെ പോലീസുകാർക്കും അദ്ദേഹത്തെ രക്ഷിക്കാൻ കഴിഞ്ഞില്ല.

തുർക്കിത്തൊപ്പിവെച്ചു നടന്നതാണ് ധൈര്യമെങ്കിൽ അതൊരുതരം ധൈര്യമാണെന്നു സമ്മതിക്കണം. മുഹമ്മദ് ഇസ്മെയിലിനെപ്പോലെ തന്നെ മൌലാനാ അബുൾക്കലാം ആസാദും അങ്ങിനെ നടന്നിരുന്നു. ആ ധൈര്യം മതവിശ്വാസികളായ അപരിഷ്കൃതന്മാരുടെ ധൈര്യമാണ്. അല്ലെങ്കിൽപ്പിന്നെ തുർക്കിയിൽതന്നെ കെമാൽപാഷയെപ്പോലുള്ള പരിഷ്ക്കർത്താവ് തുർക്കിത്തൊപ്പി നിരോധിച്ചിട്ടുള്ള കാലത്തു് അതും മതത്തിന്റേയും ഇസ്ലാമിക സംസ്കാരത്തിന്റേയും പേരിൽ തലയിൽവെച്ച് നടക്കുന്നതു് ഒരു തരം ധീരതതന്നെയാണ്.

ഇസ്ലാമികാദർശത്തിലും വിശ്വാസത്തിലും അടിയുറച്ചു ജീവിക്കുന്ന കാലത്തോളം മുസ്ളീമുകൾ ആരേയും ഭയപ്പെടേണ്ടതില്ലെന്നാണ് മുസ്ലീംലീഗ് ജനറൽ സെക്രട്ടറി ഇബ്രാഹിം സുലൈമാൻ സേട്ടിന്റെ ഉപദേശം. എന്നാൽ പിന്നെ ആർ. എസ്സ്. എസ്സ്. ന്റെയും ജനസംഘത്തിന്റേയും പേരിൽ സേഠിനെപ്പോലുള്ളവർക്കു പരാതിയുണ്ടാകേണ്ട കാര്യമില്ല. ഇസ്ലാമിൽ വിശ്വസിക്കുന്ന സേഠിനെപ്പോലുള്ള തൊപ്പിക്കാരായ നേതാക്കൾക്ക് ഹിന്ദുവർഗ്ഗീയവാദികളെ ഭയപ്പെടേണ്ടയോ. തമിഴ് നാട്ട് മന്ത്രി മുത്തുസ്വാമി മുസ്ളീംകൾക്ക് സംരക്ഷ സംരക്ഷണം നൽകുമെന്നു പ്രസംഗിക്കേണ്ടയാവശ്യവുമില്ല. മുസ്ളീമുകളോടു ഖുറാൻ വായിക്കാനും ശരിഅത്ത് അനുസരിക്കാനും ഉപദേശിച്ചാൽ മാത്രം മതിയല്ലോ.

. മുസ്ലീമുകളായി ജനിച്ചു പോയ പാവപ്പെട്ടവരായ ആറു കോടി മുസൽമാരെ പഴഞ്ചത്തത്തിൽ നിന്നു മാത്രമല്ലാ, കൊലപാതകത്തിൽ നിന്നു തന്നെ രക്ഷിക്കാൻ ഇത്തരം പിന്തിരിപ്പൻ നേതാക്കന്മാർക്കെതിരെ ഒരു പ്രസ്ഥാനം ആരംഭിക്കാൻ വൈകുന്നത് അപകടകരമായിരിക്കും. ആറു കോടിയോളം വരുന്ന ഇന്ത്യക്കാരെ അപരിഷ്കൃതരായി വിടാൻ ഒററ രാജ്യസ്നേഹിയും അനുവദിക്കരുത്. മററുള്ളവരോട് ശരിഅത്ത്നിയമം അക്ഷരം പ്രതിയനുസരിക്കാൻ ഉപദേശിക്കുന്ന ഈ നേതാക്കളെത്തന്നെ സേലം ജില്ലാ മുസ്ലീം ലീഗ് സമ്മേളനത്തിൽ സംബന്ധിച്ച ഒരാൾ ഉപദേശിച്ചു കണ്ടു. സേലത്തു നിന്നു എം. അൻവർആലി 'ഇന്ത്യൻ എക്സ് പ്രസ്സ്' (ജൂൺ 19, വെള്ളിയാഴ്ച) പത്രത്തിൽ എഴുതിയിട്ടുള്ള കത്തിലാണ് ഈയുപദേശം. അവർ തന്നെ മുസ്ലീം വ്യക്തി നിയമം ലംഘിക്കുമ്പോൾ ഇന്ത്യ ഗവർമ്മെണ്ടിനെ കുററപ്പെടുത്തുന്നതിലർത്ഥമില്ല' അൻവർ അലി പറയുന്നു. മുസ്ലീം ലീഗ് നേതാക്കൾ മുസ്ലീം നിയമം ലംഘിക്കുന്നതെങ്ങിനെയാണെന്നും അൻവർ അലിയുടെ കത്തിൽ പറയുന്നുണ്ട്.

'ജൂണ 15നു ഞങ്ങളുടെ പട്ടണത്തിൽ നടന്ന മുസ്ലീം ലീഗ് സമ്മേളനത്തിൽ ഞാൻ സംബന്ധിച്ചു. പ്രാസംഗികർ 'ചെന്നായവരുന്നേ' യെന്നു നിലവിളിച്ചു. മുസ്ലീമുകളുടെ വ്യക്തി നിയമത്തിൽ കയ്യിടുന്നുവെന്നു കേന്ദ്രഗവർമ്മെണ്ടിനെ അവർ കഠിനമായി ആക്ഷേപിച്ചു. വിവാഹവും വിവാഹമോചനവും മുസ്ലീം വ്യക്തി നിയമത്തിൽ എത്രത്തോളം തന്നെ താടി വളർത്തലും വ്യക്തി നിയമത്തിൽ അധിഷ്ഠിതമാണ്. അദ്ധ്യക്ഷാവേദിയിലുണ്ടായിരുന്ന അമ്പതിലേറെ പ്രതിനിധികളിൽ രണ്ട്പേരെ മാത്രമാണ് താടിവെച്ചവരായിക്കണ്ടതു്. ബാക്കയുള്ളവർ നല്ലവണ്ണം ക്ഷൌരംചെയ്തവരായിരുന്നു.

ശരിഅത്ത് നിയമത്തിന്റെ പരിരക്ഷകരായ മുസ്ലീം ലീഗ് നേതാക്കൾക്കു അൻവർ ആലിയുടെ ആക്ഷേപത്തിനു മറുപടിയൊന്നും പറയാനുണ്ടാകയില്ല.

* * * *

മുസ്ലീം ലീഗും കോൺഗ്രസ്സും തമ്മിൽ ഐക്യമുന്നണിയോ 'കെരഞ്ഞെടുപ്പ്' സഖ്യമോ, ധാരണയോ, എന്തെങ്കിലുമുണ്ടാകാൻ പോകുന്നുണ്ടോ? കേരളം ഭരിക്കുന്നതും മുസ്ലീം ലീഗുകൂടി പങ്കാളിയായതുമായ കുറുമുന്നണിയുടെ ഭരണവും കോൺഗ്രസ്സുമായുള്ള ബന്ധമെന്തു്? ഈ ചോദ്യങ്ങൾക്കൊന്നിനും തൃപ്തികരമായ സമാധാനം നൽകാനാവാതെ അഖിലേന്ത്യാ കോൺഗ്രസ്സ് നേതാക്കളും സംസ്ഥാന കോൺഗ്രസ്സ് നേതാക്കളും കുഴയുകയാണ്.

“ഭരണ കോൺഗ്രസ്സിനു മുസ്ലീം ലീഗുമായി യാതൊരു ഇടപാടും ഉണ്ടായിരിക്കയില്ലെന്നും മുസംലീം ലീഗിനു പങ്കാളിത്തമുള്ള യാതൊരു ഗവർമ്മെണ്ടിലും ഭരണകോൺഗ്രസ്സ് ചേരുകയില്ലെന്നും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.” (മാതൃഭൂമി, ജൂൺ 19, വെള്ളിയാഴ്ച) ദൽഹി എ. ഐ. സി. സി. സമ്മേളനത്തിന്റെ പ്രമേയത്തെക്കുറിക്കു് ജനസംഘവും സംഘടനാ കോൺഗ്രസ്സും നടത്തിയ വിമർശനങ്ങൾക്കു മറുപടി പറഞ്ഞുകൊണ്ട് ജനറൽ സെക്രട്ടറി ബഹുഗുണയാണ് ഇങ്ങനെ വ്യക്തമാക്കിയതു്. “അടുത്ത തെരഞ്ഞെടുപ്പിൽ പ്രത്യക്ഷമോ, പരോക്ഷമോ ആയ എതെങ്കിലും പരസ്പരധാരണയുടെ ഫലമായി കേരളത്തിലെ ഭരണ മുന്നണിക്കും ഭരണ കോൺഗ്രസ്സിനും ഭൂരിപക്ഷം കിട്ടുകയാണെങ്കിൽപോലും ഗവർമ്മെണ്ടിൽ ചേരുവാൻ ഭരണ; കെ. പി. സി. സി. യെ അനുവദിക്കുന്നതല്ല.

ബഹുഗുണയുടെ പ്രസ്താവനയിൽ നിന്നു ഊഹിക്കേണ്ടതു് മുസ്ലീം ലീഗുമായോ ലീഗുൾപ്പെട്ട മുന്നണിയുമായോ പ്രത്യക്ഷമോപരോക്ഷമോആയതെരഞ്ഞെടുപ്പ് ധാരണക്കു കോൺഗ്രസ്സ് ഒരുക്കം കൂട്ടികൊണ്ടിരിക്കുന്നുണ്ടെന്നാണ്. അതല്ലെങ്കിൽ പിന്നെ ഇവർക്കു ഭൂരിപക്ഷം കിട്ടുന്നതിനെപ്പററി സംസാരിക്കേണ്ടയാവശ്യമില്ലല്ലോ. “അംഗത്വം ഏതെങ്കിലും പ്രത്യ

ക സമുദായത്തിനു മാത്രമായി നിയന്ത്രിച്ചിരിക്കുന്നവയാണ് വർഗീയ പാർട്ടികളെന്നു അദ്ദേഹം നിർവ്വചിച്ചു. ലീഗും, ആർ. എസ്. എസ്സും, ജനസംഘവും ജമാ–അത്ത് ഇ. ഇസ്‌ലാമിയും വർഗ്ഗീയ പാർട്ടികളാണെന്നു അദ്ദേഹം പറഞ്ഞു. (മാതൃഭൂമി ജൂൺ 19)

വർഗീയ പാർട്ടിയെക്കുറിച്ച് ബഹുഗുണ നൾകുന്ന നിർവ്വചനമനുസരിച്ചാണെങ്കിൽ ഒരുപക്ഷെ മുസ്‌ലീഗും ജമാ അത്ത് ഇസ്‌ലാമിയും മാത്രമായിരിക്കും വർഗീയ സംഘടനക്കാർ. ജനസംഘത്തിൽ മതാടിസ്ഥാനത്തിലല്ലാ ആളെച്ചേർക്കുന്നത്. ആർ. എസ്സ്. എസ്സിനും നിർണ്ണായക സ്വാധീനമുള്ള ആ സംഘടനയിൽ ക്രിസ്ത്യാനികളും പാഴ്‌സികളും സിക്കുകാരും' മുസ്‌ലീമുകൾ പോലും അംഗങ്ങളായുണ്ട്. ആർ. എസ്സ്. എസ്സിൽപ്പോലും പേരിനു ഹിന്ദുക്കളല്ലാത്തവർ അംഗങ്ങളായുണ്ടെന്നു വന്നേക്കാം. ബഹുഗുണയുടെ നിർവ്വചന പ്രകാരം ജനസംഘം വർഗീയ കക്ഷിയാണെന്നു പറയാൻ നിർവ്വാഹമില്ല.

ബഹുഗുണയുടെ നിലപാട് തന്നെയാണോ എല്ലാ കോൺഗ്രസ്സുകാർക്കും മുസ്‌ലീംലീഗിനോടുള്ളതെന്നു അറിഞ്ഞാൽ കൊള്ളാം. എ. ഐ. സി. സി. സമ്മേളനത്തിൽ തന്നെ ലീഗിനെ സംബന്ധിച്ചിടത്തോളം നൽകപ്പെട്ട വിശദീകരണത്തിൽ നിന്നു വ്യത്യസ്തമാണ് ബഹുഗുണയുടെ നിലപാട്. വർഗീയ ആദർശങ്ങളോടുകൂടിയ കക്ഷികളെ എതിർക്കാനാണ് എ. ഐ. സി. സി തീരുമാനിച്ചിട്ടുള്ളതെന്നും, മുസ്‌ലീംലീഗ് മററു മതങ്ങളോട് വിദ്വേഷം പകർത്തുന്നില്ലാത്തതുകൊണ്ട് പ്രമേയത്തിന്റെ പരിധിയിൽ വരുകയില്ലെന്നുമാണ് സൌകര്യാനുസൃതം ആദ്യം നൽകിയിരുന്ന വ്യാഖ്യാനം. കേരളത്തിൽ മുസ്‌ലീം ഉൾപ്പെട്ട ഭരണമുന്നണിയുമായി കോൺഗ്രസ്സ് അഭേദ്യമായി ബന്ധപ്പെട്ടു കഴിഞ്ഞതുകൊണ്ടും അടുത്ത തെരഞ്ഞെടുപ്പിൽ ആ ബന്ധം ഒന്നുകൂടിയുറപ്പിക്കാൻ കേരളത്തിലെ കോൺഗ്രസ്സുകാർ തയ്യാറെടുക്കുന്നതുകൊണ്ടുമാണ് ഈ വ്യാഖ്യാനം നൽകപ്പെട്ടതെന്നു കരുതണം. പിന്നീട് ജനസംഘം നേതാക്കൾ മുസ്‌ലീംലീഗുമായുള്ള കോൺഗ്രസ്സിന്റെ കൂട്ടുകെട്ടിനെ ചൂണ്ടിക്കാട്ടി വിമർശിച്ചപ്പോൾ നിൽക്കക്കള്ളിയില്ലാതായ ബഹുഗുണ മുസ്‌ലീം വർഗീയ കക്ഷി തന്നെയെന്നു സമ്മതിക്കേണ്ടിവന്നിരിക്കുന്നു.

എന്നാൽ കെ. പി. സി. സി നേതാക്കൾ ബഹുഗുണയുടെ അഭിപ്രായത്തോട് യോജിക്കുന്നുവെന്നോ യോജിക്കുന്നുണ്ടെന്നോ കരുതേണ്ട. 'വർഗീയ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കക്ഷികളെ എതിർക്കണമെന്ന പ്രമേയത്തിന്റെ പരിധിയിൽ മുസ്‌ലിംലീഗ് ഉൾപ്പെടുമെന്നു താൻ കരുതുന്നില്ലെന്നു കെ. പി. സി. സി. പ്രസിഡണ്ട് വിശ്വനാഥൻ പ്രസ്താവിച്ചിരിക്കുന്നു (മാതൃഭൂമി ജൂൺ 20, ശനിയാഴ്ച) 'കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ പ്രവർത്തിക്കുന്നതും ഒരു പിന്നോക്കസമുദായത്തിന്റെ താൽപ്പര്യത്തിനുവേണ്ടി മാത്രം നിലകൊള്ളുന്നതുമാണ് മുസ്‌ലിംലീഗ്'' എന്നാണു വിശ്വനാഥൻ പറയുന്നതു്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ മാത്രം പ്രവർത്തിക്കുന്ന സംഘടനയാണ് മുസ്‌ലിംലീഗെന്നു വിശ്വനാഥനു ലീഗുകാർ വല്ല ഉറപ്പും കൊടുത്തിട്ടുണ്ടോ. നേരെമറിച്ച് മുസ്‌ലിംലീഗ് ഇന്ത്യാവ്യാപകമായി വളർന്നുകൊണ്ടിരിക്കയാണെന്നു ലീഗുനേതാക്കൾ അവകാശപ്പെടുന്നതു്. 1957 ൽ നിയമമുണ്ടെങ്കിലും ഇല്ലെങ്കിലും മുസ്‌ലിംലീഗിനെ നിരോധിക്കണമെന്നു പറഞ്ഞ ജവഹർലാൽ നെഹ്രുവിന്റെ മകൾക്ക് 1970 ആയപ്പോഴേയ്ക്കും മുസ്‌ലിംലീഗില്ലാതെ നില നിൽക്കാനാവില്ലെന്ന സ്ഥിതിവന്നിരിക്കുന്നുവെന്നാണ് കഴിഞ്ഞദിവസം സേലത്ത് വെച്ച് അഖിലേന്ത്യാ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി ഇബ്രാഹിം സുലൈമാൻസേട്ട് പ്രസ്താവിച്ചതു്. ചെങ്കോട്ടയിൽ മുസ്‌ലിം ലീഗിന്റെ പതാക നാട്ടുമെന്നു ബാഫക്കി തങ്ങളും പ്രസ്താവിച്ചിട്ടുണ്ട്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ മാത്രമേ ലീഗ് പ്രവർത്തിക്കുകയുള്ളുവെന്ന വിശ്വനാഥനു എവിടെനിന്നാണ് വിവരം കിട്ടിയതു്? 'സാമ്പത്തിക–സാമൂഹ്യരംഗങ്ങളിൽ ചില നേട്ടങ്ങൾ കിടണമെന്നു വാദിക്കുകയല്ലാതെ ഒരു ആൾക്കെതിരായി പ്രചാരവേല നടത്തുകയോ മതവിദ്വേഷം പ്രചരിപ്പിക്കുകയോ, ലീഗ് ചെയ്യുന്നില്ലെന്നും വിശ്വനാഥൻ സർട്ടിഫിക്കററ് നൽകിയിട്ടുണ്ട്.

നാട്ടികയിൽ നിന്നു വോട്ടുകിട്ടി എം. എൽ. എ. യാകാൻ കൊള്ളാമെങ്കിലും വിശ്വനാഥൻ അധികംപേരെ കബളിപ്പിക്കാവുമെന്ന് തോന്നുന്നില്ല. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ചില നേട്ടങ്ങളെന്തൊക്കെയാണെന്നറിയാമോ? ഒരുപുതിയരാഷ്ട്രം തന്നെ വേണമെന്നല്ലേ മുസ്‌ലീഗ്കാർ വിളിക്കുന്നുള്ളു. ഇനിമുസ്‌ലീമുകൾക്ക് ലോകസഭയിൽ കുറെസ്ഥാനം സംവരണം ചെയ്യണമെന്ന് വാദിക്കും. അതുകഴിഞ്ഞു മുസ്‌ലീമുകൾ പ്രത്യേക വോട്ടർപട്ടിക തയ്യാറാക്കണമെന്നു വാദിക്കും. അതിനെ ചില സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി മുസ്‌ലീംലീഗ് വാദിച്ചാലും വിശ്വനാഥനു അതു് വർഗീയ സംഘടനയാകുകയില്ല. വിശ്വനാഥനെയനുകരിച്ച് മഹാരാഷ്ട്രയിൽ വി. പി. നായിക്ക് ഇതുപോലെ തന്നെ ശിവസേനയും ചില സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾക്ക്‌വേണ്ടിനിലകൊള്ളുന്ന സംഘടനയാണെന്ന് പറയും. തമിഴ് നാട്ടിൽ സുബ്രഹ്മണ്യം ഡി. എം. കെ. യെക്കുറിച്ചും അതുതന്നെപറയും. പഞ്ചാബിലെ കോൺഗ്രസ്സ് നേതാക്കൾ അകാലിദളിനെക്കുറിച്ചും (അകാലിദളും ജനസംഘവുമായുള്ള കൂട്ട്കെട്ട് അവസാനിച്ചാൽ) ഇതു് തന്നെ പറയും. അവസാനം മുസ്‌ലീഗിനെ എതിർക്കാൻസാധിക്കാത്ത കോൺഗ്രസ്സിനു ആർ. എസ്സ്. എസ്സിനെതിരായിട്ടു ഒരു ചുക്കും ചെയ്യാനാവില്ല അതും സംസ്കാരികസംഘടനതന്നെന്നാണ് ഗോൾവാൾക്കർപറയുന്നതു്.

ഏതായാലും വിശ്വനാഥനും അദ്ദേഹത്തിന്റെ കൂട്ടുകാരും മുസ്‌ലീംലീഗുമായി സഖ്യത്തിലേർപ്പെട്ടു കഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നതു്. എങ്കിൽ അതു് തുറന്നു പറയുകയാണ് നല്ലതു്. വിശ്വനാഥൻ അതു് ചെയ്തില്ലെങ്കിലും കെ. പി. സി. സി. സെക്രട്ടറിയായ യൂത്ത്കോൺഗ്രസ്സ് നേതാവ് എ. കെ ആൻറണി ഒരു കാര്യം തുറന്നു സമ്മതിക്കണം മുസ്‌ലീംലീഗുൾപ്പടെ വർഗീയ സംഘടനകളെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുമെന്നു യൂത്ത്കോൺഗ്രസ്സു പാലക്കാട്ട് ചെയ്ത തീരുമാനം മാററിയിരിക്കുന്നുവെന്നു പറയാൻ ധൈര്യം കാണിക്കണം. അല്ലെങ്കിൽ സംഘടനയുടെ നയപരിപാടികളെക്കാൾ പ്രധാനം നേതാക്കളുടെ സ്ഥാനമാനങ്ങൾ സംരക്ഷിക്കലും നേടലും ആണെന്നു ആരോപണമുണ്ടായെന്നുവരും.

കെ. പി. സി. സി. പ്രസിഡൻറ് വിശ്വനാഥന്റെ ദൃഷ്ടിയിൽ മുസ്‌ലീം ലീഗ് വർഗീയ സംഘടനയല്ലെങ്കിലും അദ്ദേഹത്തിന്റെ പാർട്ടികളും ഭാരതീയക്രാന്തിദളും ചേർന്നു ഭരിക്കുന്ന ഉത്തർപ്രദേശിലെ ഗവർമെണ്ട് മുസ്‌ലീംലീഗിനെ അപകടകാരിയായിട്ടാണ് കാണുന്നതു്. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ

(ശേഷം 11–ാം പേജിൽ)

# തെരഞ്ഞെടുപ്പുകളെപ്പററി

(കഴിഞ്ഞലക്കത്തിൽനിന്നു്)

ഇന്നത്തെ രീതിയിൽ തന്നെ ഭൌതികമായ മററു പലകാര്യങ്ങളും തെരഞ്ഞെടുപ്പുകളിലെ പരാജയങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ടു്. പണം ചെലവഴിച്ചു തെരഞ്ഞെടുപ്പു് യന്ത്രം സംഘടിപ്പിക്കാനുള്ള കഴിവു്, പ്രചരണോപാധികളിലുള്ള നിയന്ത്രണം, സംഘടനാസാമർത്ഥ്യം, വർഗീയത, എന്നുവേണ്ട സ്ഥാനാർത്ഥിയുടെയും ഭാര്യയുടേയും സൌന്ദര്യം വരെ തെരഞ്ഞെടുപ്പിൽ വോട്ടുകൾ നേടാനുള്ള കഴിവിൽ ഏറിയും യും കുറഞ്ഞും സ്വാധീനം ചെലുത്തുന്നുവെന്നു വസ്തുനിഷ്ഠമായിയുള്ള പഠനങ്ങളിൽ നിന്നു തെളിയുന്നു.

തെരഞ്ഞെടുപ്പുകളേയും കക്ഷിവ്യത്യാസങ്ങളെയും തന്നെ പരിഹാസ്യമാക്കുന്ന കാലുമാററങ്ങളെപ്പററി പ്രത്യേകം എടുത്തു പറയേണ്ട അവശ്യമില്ല. കാലുമാററത്തിനെത്തിനെതിരെ നിയമനിർമ്മാണംവേണമെന്നാവശ്യം ഇന്ത്യയിൽ സാർവ്വത്രികമായി ഉയരന്നു വന്നിട്ടുണ്ടു്. ഇതിനുള്ള കാരണം മന്ത്രിമാരാകാനും സ്ഥാന മാററങ്ങൾക്കും വേണ്ടി എം. എൽ. എ. മാർ കൂട്ടത്തോടെ നടത്തുന്ന കാലുമാററമാണു് പ്രത്യേക പ്രമേയത്തിൻെറയോ നിയമനിർമ്മാണത്തിൻേറയോ നിയമത്തിലെ ഏതെങ്കിലുംവ്യവസ്ഥയുടേയോപേരിൽ ഇന്ത്യയിൽ ആരും പാർട്ടിശാസന വകവെക്കാതെ മററു പക്ഷം ചേർന്നു വോട്ടു ചെയ്യുതായിക്കാണുന്നില്ല. അത്തരത്തിലുള്ള കക്ഷിമാററങ്ങളാണു ഉണ്ടാകുന്നതെങ്കിൽ വലിയ കഴപ്പമൊന്നും വരാനില്ല. വാസ്തവത്തിൽ നമ്മുടെ തെരഞ്ഞെടുപ്പു് സമ്പ്രദായങ്ങളും ഭരണ വ്യവസ്ഥകളും ആകെ പൊളിച്ചു മാററുന്നതിനു കഴിയുന്നില്ലെങ്കിൽ ആശയങ്ങളുടെയും അഭിപ്രായങ്ങളുടേയും പേരിലുള്ള കാലുമാററത്തെ പ്രശ്നങ്ങളെവിലയിരുത്തികൊണ്ടുള്ള ചേരിമാററത്തെ—സ്വാഗതം ചെയ്യാമെന്നു തോന്നുന്നു.

കീഴ്വഴക്കങ്ങളേയും പാരമ്പര്യത്തെയും അന്ധമായി ആരാധിക്കുന്ന ബ്രിട്ടീഷ് വ്യവസ്ഥയിലും ഇത്തരത്തിൽ ചില അഭിപ്രായങ്ങൾ പൊന്തിവന്നു തുടങ്ങിയിട്ടുണ്ടു്. സെസിൽ കീങ്ങിൻെറ 'ഫ്യൂച്ചർ ഓഫ് ദി പ്രസ്സ്' എന്ന പുസ്തകത്തിൽ തന്നെ ഒരിടത്തു് ഈയഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളതായിക്കാണുന്നു. 'പാർട്ടി വിപ്പു് (ശാസനം) നൽകുന്ന കർക്കശമായ സമ്പ്രദായത്തിൽ നിന്നു നാം വിമുക്തമാകേണ്ടിയിരിക്കുന്നു— പ്രധാനപ്പെട്ട പല നടപടികളും ആശയപരമെന്നതിലേറെ സാങ്കേതികമാകയാൽ രാജി വെക്കാൻ ഇടവരാതെ തന്നെ പാർലിമെൻറിൽ ഒരു ഗവൺമെൻറിനു പരാജയപ്പെടാൻ സാധിക്കേണ്ടതാണു്, പൊതുവെ ഗവർമ്മെണ്ടിനു ഭൂരിപക്ഷ പിന്തുണയുണ്ടായിരിക്കണമെന്നേയുള്ളു'

ഈയഭിപ്രായത്തെ കുറെക്കൂടി മുമ്പോട്ടു കൊണ്ടുപോയി ആശയ പരമായ കാര്യങ്ങളിലും അംഗങ്ങൾക്കു് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്നതു് ഇന്ത്യയിൽ താൽക്കാലിക നടപടിയെന്ന നിലക്കു് സ്വാഗതാർഹമായിരിക്കും. കാരണം ഇന്ത്യയിൽ മിക്കവാറും എല്ലാ കക്ഷികളും സോഷ്യലിസം ലക്ഷ്യമായി സ്വീകരിച്ചിട്ടുണ്ടെങ്കിലും ഓരോ കക്ഷിയിലും വ്യക്തികൾ താക്കോൽ സ്ഥാനങ്ങളിലിരുന്നു് സോഷ്യലിസ്റ്റു് നടപടികൾക്കു് തടസ്സങ്ങളുണ്ടായികൊണ്ടിരിക്കുന്നുണ്ടു്. ഭരണകക്ഷിയായ കോൺഗ്രസ്സിൻെറ ലക്ഷ്യം സോഷ്യലിസമാണെന്നു പ്രഖ്യാപിക്കുന്നുണ്ടെങ്കിൽ തന്നെ ആ കക്ഷി നാട്ടുരാജാക്കന്മാരേയും കുത്തകമുതലാളിമാരേയും മാവോയിസ്റ്റുകളേയും മാർക്സിസ്റ്റുകളേയും ഒക്കെ ഉൾക്കൊള്ളുന്നതാണു്. കോൺഗ്രസ്സിനു ബദലായി രൂപീകരിക്കുന്ന പുതിയ ഐക്യമുന്നണികളാകട്ടെ ഇങ്ങനെ എല്ലാ തരക്കാരേയും കൂട്ടിപിടിച്ചു അധികാരത്തെ ലക്ഷ്യമാക്കിയുണ്ടാക്കുന്ന പുത്തൻ കോൺഗ്രസ്സുകളുമാണു്. ഈ സാഹചര്യത്തിൽ അവിശ്വാസ പ്രമേയങ്ങൾ വഴിപരാജയപ്പെടുത്താത്ത സന്ദർഭങ്ങളിലെല്ലാം പ്രത്യേക സാഹര്യങ്ങളിൽ ഗവർമ്മെണ്ടു പക്ഷത്തുള്ളവർക്കും എതിർപക്ഷത്തുള്ളവർക്കും ചേരിമാറിവോട്ടുചെയ്യുന്നതിനു അവസരം നൽകുന്നതു് നന്നായിരിക്കും.

ചുരുക്കത്തിൽ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണു്, ജനാധിപത്യത്തിൻെറ പേരിലുള്ള ചട്ടങ്ങളേക്കാളും കീഴ്വഴക്കങ്ങളേക്കാളും പ്രാധാന്യമുള്ളതെന്നു രാഷ്ട്രീയ നേതാക്കൾ മനസ്സിലാക്കിയിരിക്കുന്നു. ഒരു തരത്തിലുള്ള തെരഞ്ഞെടുപ്പും സമ്പൂർണ്ണമായ ജനാധിപത്യ സമ്പ്രദായത്തിനു അടിസ്ഥാനമാകുന്നില്ല. എല്ലാവർക്കും ഏതെങ്കിലും തരത്തിൽ വോട്ടവകാശം നൽകിയാൽ സമത്വമാകയില്ല, സാമൂഹ്യനീതിയാണു് സർവ്വ പ്രധാന്യമായ കാര്യം. സാമൂഹ്യനീതിയുടെ അടിസ്ഥാനം സ്വത്തുടമ വർഗത്തിൻെറ ചൂഷണത്തിൽ നിന്നു ജനങ്ങളെ വിമുക്തമാക്കലാണു്. സ്ഥിതിസമത്വം കൈവരുത്തുന്നതിലാണു് യാഥാർത്ഥജനാധിപത്യം സ്ഥിതിചെയ്യുതു്. മററുള്ളസമ്പ്രദായങ്ങളെല്ലാംമേമ്പൊടിക്കുള്ളതുമാത്രമായിരിക്കും. ഇന്നത്തെതെരഞ്ഞെടുപ്പു് രീതികളും പാർലിമെൻററി ഭരണവും പലപ്പോഴും കാണുമ്പോൾ ഓർമ്മവരുന്നതുന്നകഥയുണ്ടു്.

രാജൻ

ഒരു കൃഷിക്കാരൻേറതാണു് കഥ ഒരിക്കൽ അയാൾ തൻെറ കോഴികളെയെല്ലാം വിളിച്ചുകൂട്ടി ഒരു അഭിപ്രായ വോട്ടെടുപ്പു് നടത്തി. "പ്രിയപ്പെട്ട കോഴികളെ നിങ്ങളെക്കൊണ്ടു് ഞാൻ ബിരിയാണിയാണോ, അതോ കട്ലെററാണോ ഉണ്ടാകേണ്ടതു്?' കൃഷിക്കാരൻ ചോദിച്ചു. ഒരു പൂവൻ കോഴി ഇടയിൽ കയറിപ്പറഞ്ഞു 'ഞങ്ങളെ കൊല്ലരുതെ' അപ്പോൾ കൃഷിക്കാരൻെറ മറുപടി ഇതായിരുന്നു നീ വിഷയത്തിൽ നിന്നു വ്യതിചലിക്കുകയാണു്.

നിലവിലുള്ള തെരഞ്ഞെടുപ്പു് സമ്പ്രദായത്തേയും പാർലിമെൻററി വ്യവസ്ഥകളേയും വിമർശിക്കുന്നവരോടു് ഭരണാധികാരികൾ അവലംബിക്കുന്ന നയം ഈ കൃഷിക്കാരൻെറ നയമാകാൻ പാടില്ല. ജനങ്ങളെ കോഴികളാക്കരുതേ.

---

നിർണ്ണയം' വാരികയുടെ വരിക്കാരാവുന്നതിനും ഏജൻസി വ്യവസ്ഥകൾക്കും എഴുതേണ്ട മേൽവിലാസം.

മാനേജർ 'നിർണ്ണയം'
കോൺവെൻറ് റോഡ്
എറണാകുളം, കൊച്ചി–11

വാർഷിക വരിസംഖ്യ 16 ക.
അർദ്ധവർഷത്തേക്കു് 8 ക.

---

(9-ാം പേജിൽനിന്നും)

മാത്രം പ്രവർത്തിപ്പിക്കുന്നതെന്നു വിശ്വനാഥൻ വിശേഷിപ്പിക്കുന്ന മുസ്ലീംലീഗ് ഈയിടെയായി ഉത്തർപ്രദേശിൽ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ടെന്നു യു. പി. യുടെ മന്ത്രി ചരൺസിംഗ് പ്രസ്താവിച്ചിരിക്കുന്നു. (ഹിന്ദു, ജൂൺ 20, ശനിയാഴ്ച) ഉത്തർ പ്രദേശിൽ മുസ്ലീംലീഗ് ശാഖകൾ ആരംഭിക്കുന്ന ബഷീർ അഹമ്മദ് പ്രകോപനപരമായ പ്രസംഗങ്ങൾ നടത്തുന്നുണ്ട്. ഈ നേതാക്കളുടെ പ്രവർത്തനത്തെ ജാഗ്രതയോടെ വീക്ഷിക്കുന്നതിനും അന്തരീക്ഷം വിഷലിപ്തമാക്കുന്ന പ്രവർത്തനം തുടർന്നാൽ ഉടനെ നടപടിയെടുക്കാനും ജില്ലാമജിസ്ട്രേട്ടുമാരോട് നിർദ്ദേശിച്ചിരിക്കുന്നു. മുഖ്യമന്ത്രി ചരൺസിങ്ങ് പറഞ്ഞതാണിതു്. സാമൂഹ്യ-സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി മാത്രം വാദിക്കുന്നുവെന്നു വിശ്വനാഥൻ സമ്മതിപത്രം കൊടുത്ത മുസ്ലീംലീഗിനെപ്പററി അദ്ദേഹത്തിന്റെ കക്ഷിയുമായി ഐക്യമുന്നണിയുണ്ടാക്കിയിട്ടുള്ള ചരൺസിങ്ങിന്റെ അഭിപ്രായമാണിതു്.

*　　　*　　　*

ഇന്ത്യയിൽ അടുത്തു തന്നെ ഒരു വർഗീയലഹളയെക്കുറിച്ചുള്ള വാർത്ത വായിക്കാനിടവന്നേക്കാം. പ്രധാനമന്ത്രിയുൾപ്പെടെയുള്ള ഭരണാധികാരികൾ വർഗീയകക്ഷികളെ തകർക്കാൻ കച്ചകെട്ടി പുറപ്പെട്ടിട്ടുള്ള ഈയവസരത്തിൽ വർഗീയ ലഹളയുണ്ടാകുന്നതെങ്ങിനെ? കാരണം ഭരണാധികാരികളുൾപ്പെടെയുള്ള വർഗീയതയെ എതിർക്കാതെ അപ്പോഴപ്പോൾ ചില വർഗീയകക്ഷികളെ മാത്രം എതിർത്തു് രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിക്കുന്നതു് തന്നെയാണ്. പ്രധാനമന്ത്രിയേയും പുത്തൻ വർഗീയകക്ഷി സംഹാരകരേയും വെള്ളത്തിലാക്കാൻ ഭാരതീയ ജനസംഘം ഒരു പരിപാടി ഇട്ടിരിക്കുന്നു.

ജൂൺ 28 നു- ഭാരതീയ ജനസംഘക്കാർ 'കിഴക്കൻ ബംഗാൾ ദിനമായി' ആചരിക്കാൻ തീരുമാനിച്ചിരിക്കയാണ്. കിഴക്കൻ പാക്കിസ്ഥാനിൽ നിന്നു ഹിന്ദുക്കളുടെ അഭയാർത്ഥി പ്രവാഹമുണ്ടാകുന്നതിലേക്കു രാഷ്ട്രത്തിന്റെ ശ്രദ്ധ കൊണ്ടുവരുന്നതിനുവേണ്ടിയാണു്. ഈ ദിനാചരണമെന്നു ജനസംഘം പ്രസിഡന്റ് വാജ്പേയി പറയുന്നു. (ഇന്ത്യൻ എക്സ്പ്രസ്സ് ജൂൺ 19) ഇന്ത്യാ ഗവർമെണ്ടു് കോൺഗ്രസ്സ് നേതാക്കളും ഈ പ്രശ്നത്തിൽ കുഴയുന്ന ലക്ഷണമുണ്ട്. പാക്കിസ്ഥാനിൽനിന്നു് ഹിന്ദു അഭയാർത്ഥികൾ ധാരാളമായി വന്നുകൊണ്ടിരിക്കുന്നുണ്ടെന്നു കേന്ദ്രമന്ത്രിമാർതന്നെ പാർളിമെന്ററിൽ സമ്മതിച്ചതാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനു തങ്ങൾക്കൊന്നും ചെയ്യാനാവില്ലെന്നു കേന്ദ്രമന്ത്രിമാർ നിസ്സഹായതയും പ്രകടിപ്പിച്ചു. വർദ്ധിച്ചുവരുന്ന അഭയാർത്ഥിപ്രവാഹം തടയുന്നതിനു പാക്കിസ്ഥാന്റെ മേൽ സമ്മർദ്ദം ചെലുത്താനുള്ള മാർഗം കേന്ദ്രഗവർമെണ്ടു് തയാറാക്കണമെന്നാണ് ജനസംഘം നേതാവ് ആവശ്യപ്പെടുന്നത്. അഭയാർത്ഥികളെ താമസിപ്പിക്കുന്നതിനു കൂടുതൽ സ്ഥലം പാക്കിസ്ഥാനിൽ നിന്നാവശ്യപ്പെടണമെന്നാണ് ചില ജനസംഘം നേതാക്കൾ മുമ്പ് നിർദ്ദേശിച്ചിരുന്നു. ഇതു് സാധിച്ചില്ലെങ്കിൽ ഒന്നുപകരം അഭയാർത്ഥികളായി പാക്കിസ്ഥാനിൽ നിന്നുവന്ന ഹിന്ദുക്കൾക്ക് താമസിക്കാൻ വേണ്ടി കുറെ മുസ്ലീമുകളെ ഇന്ത്യയിൽ നിന്നൊഴിപ്പിച്ചെടുക്കാനും ജനസംഘം മുൻകയ്യെടുത്തേക്കാം.

ഏതായാലും ഈ അഭയാർത്ഥി പ്രശ്നം ജനസംഘം നല്ല പ്രചരണായുധമാക്കുമെന്നു തീർച്ച. മുസ്ലീംലീഗാണ് പാക്കിസ്ഥാൻ സൃഷ്ടിച്ചതു്. പാക്കിസ്ഥാനിൽ ഹിന്ദുക്കളെ മർദ്ദിക്കുന്നതുകൊണ്ടാണ് അഭയാർത്ഥി പ്രവാഹമുണ്ടാകുന്നതു്. എന്നിട്ടും ഇന്ത്യയിലെ മുസ്ലീംലീഗുകാർ പാക്കിസ്ഥാനിലെ മർദ്ദനമനുഭവിക്കുന്ന ഹിന്ദുക്കൾക്കു വേണ്ടി ഒരു വാക്കും പറയുന്നില്ല. പാക്കിസ്ഥാനിൽനിന്നു ഒഴിച്ചുപോരേണ്ടി വരുന്ന ഹിന്ദുക്കൾക്കു വേണ്ടി, പാക്കിസ്ഥാനിലെ ന്യൂനപക്ഷ മർദ്ദനത്തിനെതിരായി ഇന്ത്യയിലെ ഏതെങ്കിലും മുസ്ലീംലീഗ് നേതാവ് ഒററവാക്കു ശബ്ദിക്കുന്നുണ്ടോ? ഇന്ത്യയിൽ മുസ്ലീമുകളുടെ ജനസംഖ്യാ വർദ്ധന തോതു് ഹിന്ദുക്കളെക്കാൾ കൂടുതലായിട്ടും ഹിന്ദുക്കളെ കുററപ്പെടുത്തുന്ന മുസ്ലീംലീഗുകാർ പാക്കിസ്ഥാനിലെ ഹിന്ദുക്കളുടെ ശോചനീയാവസ്ഥയിൽ ഒന്നും പറയാത്തതെന്തു്? ഇന്ത്യാഗവർമ്മെണ്ടു് അങ്ങിനെയുള്ള മുസ്ലീംലീഗിനു കൂടെനിൽക്കുകയല്ലെ?

അറേബിയായിൽ എവിടെയോ ഒരു മുസ്ലിംപള്ളിക്കു് ആരോ തീ വെച്ചതിന്റെ പേരിൽ ഇന്ത്യയിലുടനീളം പ്രതിഷേധപ്രകടനം നടത്തിയ മുസ്ലിംലീഗുകാരും മതഭ്രാന്തന്മാരും ഹിന്ദുക്കളുടെ അഭയാർത്ഥി പ്രവാഹത്തിനു ഇടയാക്കുന്ന പാക്കിസ്ഥാൻ ഗവർമ്മെണ്ടിന്റെ ന്യൂനപക്ഷ മർദ്ദനത്തിനെതിരെ മൌനമവലംബിക്കുകയല്ലെ? ഈവക ചോദ്യങ്ങൾ മോദിച്ചുകൊണ്ട് ജനസംഘം പ്രചരണമഴിച്ചുവിട്ടാം. ഇന്ത്യയിലെ മതവിശ്വാസികളായ ഹിന്ദുക്കൾക്കു് വികാരമിളക്കാൻ ഇതു മതിയാവും. ന്യൂനപക്ഷ മതവികാരത്തെ ചൂഷണം ചെയ്യുന്നവർക്കു ബദലായി ഭൂരിപക്ഷ മതവികാരത്തെ ചൂഷണം ചെയ്യാൻ ജനസംഘം പാക്കിസ്ഥാനിൽനിന്നുള്ള അഭയാർത്ഥി പ്രവാഹത്തെയുപയോഗിക്കാൻ പോവുകയാണു്—

*　　　*　　　*

---

(6-ാം പേജിൽ നിന്നും തുടർച്ച)

മാർ, ജില്ലാകളക്ടർമാർ, പോലീസ് ഉദ്യോഗസ്ഥന്മാർ എന്നിവരൊക്കെ ക്ലബ്ബുകളിൽ അംഗങ്ങളായുണ്ട്. കരിഞ്ചന്ത നടത്തി കാശുണ്ടാക്കിയവൻ, കുററബോധത്തിനു മറപിടിക്കാൻ വേണ്ടി ഹൈക്കോടതി ജഡ്ജിയുടെ തോളിൽ കയ്യിട്ടുകൊണ്ട് ആളുകൾക്കിടയിൽ നടക്കാറുണ്ട്. സോവിയററ് സാംസ്കാരിക സംഘത്തിലും ഇങ്ങനെയുള്ള സാമൂഹ്യ ക്ലബ്ബുകളിലും ഒരേപോലെ അംഗത്വം സ്വീകരിച്ച് സ്ഥാനമാനങ്ങൾ അനുഭവിക്കുന്നവർ ഇവിടെ വിരളമല്ല.

സാമൂഹ്യസേവനത്തിന്റെ പേരിൽ അറിഞ്ഞോ, അറിയാതെയോ, പാശ്ചാത്യ സാംസ്കാരപ്രചരണവും മുതലാളിത്ത ചൂഷണ രീതികളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നവയാണ് ലയൺസ് ക്ലബ്ബുകളും റോട്ടറിക്ലബ്ബുകളും ജൂനിയർ ചേമ്പറുകളും മററും ഇവയുടെ മുദ്രാവാക്യത്തിന്റെയെല്ലാം പിന്നിൽ അവിഹിതമായുണ്ടാക്കിയ സ്വത്തിന്റെ സംരക്ഷണവും നിലവിലുള്ള വ്യവസ്ഥിതിയെ താങ്ങിനിർത്തലുമുണ്ട്. ഈ ക്ലബ്ബുകൾ മികച്ച സാമൂഹ്യ സേവനമൊന്നും ചെയ്യുന്നില്ല. രാജ്യത്തിലെ സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും അജ്ഞതയെയാണ് ഇത്തരം ക്ലബ്ബുകളിലൂടെ പണക്കാരായവർ ചൂഷണം ചെയ്യുന്നത്. ഇങ്ങനെയുള്ള സേവനം കൊണ്ടു് സമൂഹത്തിനൊരു പ്രയോജനവുമില്ല. അതു വ്യക്തികളുടെ സേവന വിനോദമാണ്.

# മറുനാടൻ നക്സൽബാരികൾ

അശോക് രുദ്ര

കർശനമായ ചില പോലീസ് നടപടികളെടുക്കുന്നതുവഴിയായും വിദ്യാർത്ഥികൾക്കിടയിലെ അസ്വാസ്ഥ്യത്തിനു കാരണം കണ്ടെത്തി ഭോഷ്ക്കുകൾ പറയാൻ വേണ്ടി ചില സബ് കമ്മിററികൾ രൂപവൽക്കരിക്കുന്നതുവഴിയായോ, നക്സൽബാരികളുടെ ഉപദ്രവം അതല്ലെങ്കിൽ 'ശല്യം, തടയാനോ ഇല്ലാതാക്കാനോ തങ്ങൾക്കു കഴിയുമെന്നു ചവാനും ധവാനും വിചാരിക്കുന്നുണ്ടാകണം. പക്ഷെ അവരുടെ വിചാരം തെററാണെന്നു തെളിയാൻ പോവുകയാണ്. പ്രത്യക്ഷത്തിൽ നിസ്സാരമെന്നും അർത്ഥശൂന്യമെന്നും തോന്നിക്കുന്നവക്കെതിരായി കൽക്കത്തയിലും ഇന്ത്യയിൽ മററു പലയിടത്തും തീവ്രവാദികളായ യുവാക്കൾ നടത്തുന്ന ആക്രമണങ്ങൾ ഒററപ്പെട്ട പ്രതിഭാസമല്ല. കിഴക്കൻ യൂറോപ്പിനു പുറത്ത്, ലോകത്തെമ്പാടും ഒരു കാററ് വീശുന്നുണ്ട്. കിഴക്കൻ യൂറോപ്പിൽ മാത്രമാണ് യാഥാസ്ഥിതികത്വം വാഴ്ച നടത്തുന്നത്. ലോകത്തിൽ മററുള്ളിടങ്ങളിലെല്ലാം കൂടുതൽ കൂടുതൽ ചെറുപ്പക്കാർ പ്രായംചെന്നവരുടെ മൂല്യങ്ങളെ തിരസ്കരിക്കുകയാണ്. ഇങ്ങനെ തിരസ്കരിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ ഭരണകൂടത്തിന്റെ സ്ഥാപനങ്ങൾക്കു മാത്രമല്ല, പരമ്പരാഗതമായ ഇടതുപക്ഷ കക്ഷികളുടെ സംഘടനകളും ഉൾപ്പെടുന്നു. അവർ അതിനു കൂടുതൽ കനത്ത വില നൽകുന്നുമുണ്ട്. പഠിപ്പും ജീവിതവൃത്തിയും കളഞ്ഞു കുളിക്കുന്നു. മരണത്തിനും പരിക്കേൽക്കാനും ഇടയാകുന്ന വിധം നിയമ സമാധാന സംരക്ഷണ സേനകളുമായി ഏററുമുട്ടുന്നു. ഈ പ്രതിഭാസം കഴിഞ്ഞ നാലു വർഷമായി കാണാനുണ്ട്. പടിഞ്ഞാറെ ജർമ്മനിയിലെ വിദ്യാർത്ഥികൾ വിയററ്നാം പ്രശ്നത്തിൽ പോലീസിനെതിരെ സമരം ചെയ്യുന്നു, അമേരിക്കയിലെ യുവാക്കൾ വൈററ് ഹൌസിലേക്കു മാർച്ചുചെയ്യുന്നു. പ്രസിഡൻറ് നിക്സണ് ഉറക്കമൊഴിച്ചു ഭയന്നിരിക്കേണ്ടി വരുന്നു. അമേരിക്കയിലെ നീഗ്രോകൾ വർഗവിവേചനത്തിനെതിരായി നടത്തുന്ന സമരവുമായി തന്ത്രപരമായ സഖ്യമുണ്ടാക്കിക്കൊണ്ട് അമേരിക്കൻ യുവാക്കളുടെ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം കൂടുതൽ കൂടുതൽ സമരവീര്യം ആർജ്ജിക്കുന്നു. അടിപതറാത്ത ബ്രിട്ടീഷ് സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾ പോലും മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം തീവ്രവാദിനേതാക്കളുടെ കീഴിൽ സർവ്വകലാശാലകൾ പിടിച്ചെടുക്കുകയാണ്. എല്ലാററിനുമുപരി, 1968 മെ മാസത്തിൽ ഫ്രാൻസിലുണ്ടായ വിപ്ലവം- വിദ്യാർത്ഥികൾ സർവ്വകലാശാലകൾ കയ്യടക്കിയതിൽ നിന്നാണു അതാരംഭിച്ചത്. പിന്നീട് യുവതൊഴിലാളികൾ ഫാക്ടറികൾ കയ്യടക്കാൻ തുടങ്ങി. തുടർന്നു മൂന്നാഴ്ചക്കാലം രാജ്യത്തെ മുഴുവൻ സ്തംഭിപ്പിച്ച പൊതുപണിമുടക്ക് നടന്നു. മോസ്കോ പക്ഷപാതികളായ കമ്യൂണിസ്റ്റ് പാർട്ടിക്കാരും അവരുടെ ആധിപത്യത്തിലുള്ള തൊഴിലാളിയൂണിയനുകളും ആ വിപ്ലവത്തെ വഞ്ചിച്ചു. കാര്യമായ ചില കൂലി കൂട്ടലുകൾ എറിഞ്ഞു കിട്ടിയപ്പോൾ അവർ വിപ്ലവത്തെ വഞ്ചിച്ചു. ആ സമയത്ത് ആർക്കും പ്രവചിക്കാമായിരുന്നതുപോലെ തന്നെ, അണു സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിൽ കൈവന്ന വളരെ പ്രധാനപ്പെട്ട വിജയം തന്നെ അതിന്റെ ഫലമായി 1969ൽ ഉണ്ടായ നാണയപ്പെരുപ്പത്തിൽ മുങ്ങിപ്പോയി.

* * * *

കുറച്ചു കാലമായി ഈ പ്രതിഭാസം നാം കാണുന്നുണ്ട്. പക്ഷെ ഈ രാജ്യങ്ങളിൽ പുതുതായി കാണുന്ന കാര്യം അവിടത്തെ തീവ്രവാദികൾ 'നഗരഗൊറില്ല'കളെന്നു വിളിക്കപ്പെടുന്നവരുടെ തന്ത്രം സ്വീകരിക്കുന്നതാണ്. ഫ്രാൻസിൽ ഈ സമരരീതി സ്വീകരിക്കുന്നവരെ 'തകർഷന്മാർ'എന്നാണു വിളിക്കുന്നതു്. കൽക്കത്തയിൽ നക്സൽബാരികൾ നടത്തുന്ന തകർക്കലുകളെപ്പററി വായിക്കുന്നതുപോലെത്തന്നെയാണ് ഫ്രാൻസിലെ 'തകർഷന്മാരെ'പ്പററിയുള്ള വാർത്തകളും ഫാക്ടറികളിലെ അട്ടിമറി, ബോംബാക്രമണങ്ങൾ, ഘെരാവോകൾ, പോലീസുകാരെ എതിരിടൽ-ഇതൊക്കെയാണ് ഈ കച്ചവട സമൂഹത്തിൽ നിത്യസംഭവമായിക്കൊണ്ടിരിക്കുന്നതു്. ഫ്രാൻസിലെ നിയമസമാധാന സംരക്ഷകർ ഉണ്ടാക്കുന്ന വാർത്തയും ഇന്ത്യയിലേതുപോലെത്തന്നെയുള്ളതാണ്. പടിഞ്ഞാറെ ബംഗാളിൽ കരുതൽ തടങ്കൽ തുടരാൻ അനുവദിക്കുന്നതിനുവേണ്ടി പ്രത്യേക നിയമം തയാറാക്കുന്നവർക്കു ഫ്രെഞ്ച് ഗവർമ്മെണ്ട് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന 'തകരുഷൻ വിരുദ്ധ' നിയമനിർമ്മാണത്തിൽ നിന്നു പലതും പഠിക്കാൻ സാധിച്ചേക്കും. അക്രമപരമായ ഒരു പ്രകടനത്തിൽ പങ്കെടുത്ത ആരേയും—കയ്യിൽ കിട്ടുന്ന ആരായാലും മതി—മുഴുവൻ സംഭവത്തിനും ഉത്തരവാദിയാക്കുന്ന വ്യവസ്ഥയുൾക്കൊള്ളുന്നതാണ് ഫ്രാൻസിലെ നിയമനിർമ്മാണം. പ്രകടനം കൊണ്ട് എന്തെല്ലാം നഷ്ടമുണ്ടായിട്ടുണ്ടോ അതിനൊക്കെ വില നൽകാൻ പ്രകടനത്തിൽ പങ്കെടുക്കുന്ന ആരേയും ബാദ്ധ്യസ്ഥനാക്കുന്നതും ശിക്ഷിക്കുന്നതുമാണ് നിയമം. എന്തുതരത്തിലുള്ള പ്രകടനമായാലും വേണ്ടില്ല, അതിൽ പങ്കെടുക്കുന്നതിൽ നിന്നു ചെറുപ്പക്കാരെ ഇതുവഴി തടയാനാവുമെന്നാണു കരുതുന്നതു്. ഫ്രാൻസിലെ വിശാലവീക്ഷണമുള്ളവർ നിർദ്ദിഷ്ട നിയമനിർമ്മാണത്തിൽ വളരെ രോഷാകുലരായിട്ടുണ്ട്. ഇന്ത്യയിൽ നക്സൽബാരികൾക്കെതിരായി എടുക്കുന്ന നടപടികൾക്കെതിരായി ഉണ്ടാകുന്ന അഭിപ്രായത്തേക്കാൾ വളരെക്കൂടുതൽ രോഷം ഫ്രാൻസിലെ വിശാലവീക്ഷണമുള്ളവർക്കു് ഉണ്ടാകുന്നു. സംശയിച്ച് അറസ്റ്റുചെയ്ത ആളുകളെ ചുട്ടുകൊല്ലുന്ന പോലീസ് നടപടിവരെ ഇപ്പോൾ നക്സൽബാരികൾക്കെതിരായ നടപടിയുടെ പേരിൽ ഇന്ത്യയിലുണ്ടാകുന്നുണ്ടല്ലോ. ഡിഗോൾ പക്ഷപാതികൾക്കു വമ്പിച്ച ഭൂരിപക്ഷമുള്ളതാണെങ്കിലും ഫ്രാൻസിലെ നിയമനിർമ്മാണ സഭക്കു ചില ഭേദഗതികളോടെ മാത്രമേ നിയമം പാസ്സാക്കാൻ കഴിഞ്ഞുള്ളു.

എന്നിരുന്നാലുംഅടുത്ത കാലത്തുണ്ടായ ഒരു സംഭവം ഗണ്യമായി ജനശ്രദ്ധയാകർഷിച്ചിട്ടുണ്ട്. അക്രമം ഒന്നും ഉണ്ടായിട്ടില്ലാത്തതുകൊണ്ട് എല്ലാനിലക്കും മററു സംഭവങ്ങളോട് താരതമ്യപ്പെടുത്താവുന്ന ഒന്നല്ലാ ഇതു്. വിലയേറിയതും ധനികർക്കു മാത്രം വിൽക്കുന്ന ഒരു കട ഒരുകൂട്ടം ചെറുപ്പക്കാർ കയ്യേറി. സാധനങ്ങൾ പിടിച്ചെടുത്തു് വളരെ ശോച്യാവസ്ഥയിലുള്ള ചെററപ്പുരകളിൽ താമസിക്കുന്ന പാവപ്പെട്ടവർക്കു വിതരണം ചെയ്തു. കൊള്ളയടിക്കപ്പെട്ട സാധനങ്ങളിൽ വിലയേറിയ മദ്യസാധനങ്ങൾ ഉണ്ടായിരുന്നിരിക്കാം. അതിന്റെ രുചി പാവപ്പെട്ട ചെററപ്പുരക്കാർക്കു കൂടിയനുഭവിക്കാൻ അവസരം നൽകുന്നതിനുള്ളതായിരുന്നിരിക്കയില്ല ഈ പ്രവൃത്തി. ഉത്രയേറെ ദാരിദ്ര്യത്തിനു നടുവിൽ വമ്പിച്ച ആഡംബരം അനുഭവിക്കുന്നതിലെ അന്തസ്സില്ലായ്മ വി

കാരജന്യമാംവണ്ണം ഉയർത്തിക്കാട്ടാൻ ആ പ്രവർത്തിക്കുകഴിഞ്ഞു. എന്തായാലും നിയമ സമാധാനക്കാർ പോയതു് ഈ വഴിക്കാണ്. കയ്യേററത്തിൽ പങ്കെടുത്തഒരുവിദ്യാർത്ഥിനിയെ അവർപിടികൂടി;വിസ്തരിച്ചു. പതിമൂന്നു മാസത്തെ തടവിനു ശിക്ഷിക്കുകയുംചെയ്തു.

വിപ്ലവമുണ്ടാക്കുന്നതിനുള്ള ശ്രമത്തിൽ ഒരു ഭക്ഷണശാല കൊള്ള ചെയ്യുന്നതു്. വളരെ ദുർബലമായ പ്രവൃത്തിയായിത്തോന്നാം, കോളേജ് പ്രിൻസിപ്പൽമാരുടെ മുറി തകർക്കുന്നതുപോലെത്തന്നെ. പക്ഷെ ഇന്ത്യയിലെ തന്റെ കൂട്ടുകാരനെപ്പോലെ തന്നെ ഫ്രാൻസിലെ അഭ്യന്തരവകുപ്പ് മന്ത്രിക്കും, താനെന്തിനെ സംരക്ഷിക്കാനാണോ സ്ഥാനത്തിരിക്കുന്നതു് അതിനു് ആരാണ് ഏററവും ഭീഷണിയുണ്ടാക്കുന്നതെന്നു അറിയുമായിരിക്കണം. അതിനാൽ ആർക്കാണ് ഏററവും കടുത്ത ശിക്ഷ കൊടുക്കേണ്ടതെന്നും അറിയുമായിരിക്കണം. ഇന്ത്യയിലെപ്പോലെതന്നെ ഫ്രാൻസിലും പോലീസുകാർ തീരെ ചെറുപ്പക്കാരായ ഇവർക്കെതിരായാണ് പറഞ്ഞു ചെല്ലുന്നതു്. എല്ലാ വിപ്ലവത്തിന്മേലും കുത്തകാവകാശം ഉണ്ടെന്നു ഭാവിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികളിലെ കൊമ്പന്മാരെയെല്ലാം സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ വിട്ടിട്ടുമുണ്ടു്. യഥാർത്ഥത്തിൽ സാധന സാമഗ്രികൾ തകർക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതുകൊണ്ടു് മാത്രം പോലീസ് മതിയാക്കുന്നില്ല. അമേരിക്കയിലും ഇന്ത്യയിലും നടക്കുന്നതുപോലെതന്നെ അവർ പിണിയാളുകളെ ഇളക്കിവിട്ടു് സംഭവങ്ങൾ കെട്ടിച്ചമക്കുന്നു. ആവശ്യമുള്ളവരെയൊക്കെ പിടിച്ചുപൂട്ടുന്നു. ബെസാൻകണ്ടിലെ ചില ഗവർമ്മെണ്ടു് ഓഫീസുകളിൽ ബോംബുകൾ വെച്ചതിനു അടുത്തകാലത്തു് അറസ്ററ് ചെയ്യപ്പെട്ട രണ്ടു ചെറുപ്പക്കാരെ കോടതിയിൽ ഹാജരാക്കിയിരുന്നു. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പോലീസ് കൂടുതൽ മർദ്ദിച്ചൊതുക്കണമെന്നു തങ്ങൾ ആഗ്രഹിക്കുന്നതുകൊണ്ടാണ് അങ്ങിനെ ചെയ്തതെന്നു അവർ കോടതിയിൽ സമ്മതിച്ചു.

ഫ്രാൻസിലെ പ്രസ്ഥാനത്തിനു പ്രലോഭനം നൽകുന്നതു് അധികവും മാവോയിസ്റ്റ് ചിന്താഗതിയാണെന്നതിൽ സംശയമില്ല പക്ഷേ അതുമാത്രമല്ല നിലവിലുള്ള വ്യവസ്ഥക്കെതിരായി സായുധസമരം നടത്തുന്നതിനു് ലോകത്തിന്റെ ഈ ഭാഗത്തു് ലാററിൻ അമേരിക്കയിൽ നിന്നും പ്രചോദനമുണ്ടാകുന്നുണ്ടു്. അവിടെയാണല്ലോ ചെഗുവേരയുടെ സ്മരണ മുമ്പത്തെക്കാൾ സജീവമായി നിലകൊള്ളുന്നതു്. ചുവപ്പ് പുസ്തകം മാത്രമല്ലാ ആശയങ്ങൾ പ്രദാനം ചെയ്യുന്നതു്. കുറച്ചു ദിവസം മുമ്പാണ് ഫ്രാൻസിൽ പ്രസിദ്ധീകരിച്ചയൊരു പുസ്തകം ഫ്രെഞ്ച് ഗവർമ്മേണ്ടു് നിരോധിച്ചതു്. സീലിലെ കത്തോലിക്കാ പ്രസിദ്ധീകരണശാലയെപ്പോലെ വളരെ ആദരിക്കപ്പെടുന്ന ഒരു സ്ഥാപനമാണ് പുസ്തകം പ്രസിദ്ധീകരിച്ചതെന്നോർക്കണം. നാഗരീക പരിതസ്ഥിതികളിൽ ഗൊറില്ലാ സമരം നടത്തുന്ന തന്ത്രങ്ങളെപ്പററി ബ്രസീലുകാരനായ ഒരു പോരാളി എഴുതിയ പുസ്തകമാണിതു്. തകർപ്പന്മാരിൽ ഫ്രാൻസിലെ പെററി ബൂർഷ്വാസി വിഭാഗത്തിൽപ്പെട്ടവരുണ്ടു്. കടയുടമകളുണ്ടു്, ചെറുകിട വ്യാപാരികളുണ്ടു്. ഡ്വാഗോൾ വിപ്ലവത്തിന്റെ ഫലമായി മുമ്പത്തെക്കാളേറെ ശക്തമായ വൻകിട കുത്തകകളുടെ ബുൾഡോസറുകൾക്കു കീഴിൽപ്പെട്ടു് ഞെരിഞ്ഞുപോകുന്ന ഇത്തരക്കാർ നിരാശയോടെ അവസാനകയ്യായി അക്രമം പ്രവർത്തിക്കുന്നു. അമേരിക്കയിലെ കറുത്തവർഗ്ഗക്കാരുടെ രാഷ്ട്രീയവും ഇവർക്കു പ്രചോദനം നൽകുന്ന മൂന്നാമത്തെ പ്രധാന സംഗതിയാണ്.

* * *

ജീൻപോൾ സാത്രേയുടെ രാഷ്ട്രീയ ചിന്തയുടെ പരിണാമഗതിയറിയുന്ന അദ്ദേഹം ഏററവും ഒടുവിൽ എടുത്തിട്ടുള്ള നിലപാടിൽ അത്ഭുതപ്പെടുകയില്ല. അദ്ദേഹം ഫ്രെഞ്ച് നക്സൽബാരികളായ 'തകർഷന്മാരു'മായി ഒത്തുചേർന്നിരിക്കുന്നു-തൽക്കാലത്തേക്കു്-തന്ത്രപരമായി മാത്രം. ഫ്റെഞ്ച് മാവോയിസ്റ്റുകളുടെ ഔദ്യോഗിക മുഖപത്രമായ 'ലെകോസ്ദുപാഷിളി' (ജനഹിതം)ന്റെ പത്രാധിപരായിരിക്കാൻ അദ്ദേഹം സമ്മതിച്ചിരിക്കുന്നു. രണ്ടു് പത്രാധിപന്മാരെ പോലീസ് അറസ്റ്റ് ചെയ്യുകയും പത്രത്തിന്റെ അച്ചടിശാലയിൽ നിന്നു പുറത്തു വന്ന എല്ലാ പ്രതികളും പോലീസ് പിടിച്ചെടുക്കുകയും ചെയ്തപ്പോഴാണ് ഇതുണ്ടായതു്. താൻ സർവ്വാത്മനാ ഒരു മാവോയിസ്റ്റായിത്തീർന്നിട്ടില്ലെങ്കിലും ശരി, തന്റെ പത്രാധിപത്യത്തിൻ കീഴിൽ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്ന എല്ലാ ലേഖനങ്ങളുടെയും ഉത്തരവാദിത്വം താൻ ഏറെറടുക്കുന്നുവെന്നു സാത്രേ പ്രഖ്യാപിച്ചിരിക്കുകയാണ് മാവോയിസ്റ്റുകളെ അടിച്ചമർത്താനുദ്ദേശിച്ചു ഉണ്ടാക്കിയിട്ടുള്ള നിയമനിർമ്മാണത്തിന്റെ വിവേചനാപരമായ സ്വഭാവം തുറന്നു കാട്ടുന്നതിനുവേണ്ടിയുള്ള ശ്രമമെന്ന നിലക്കു പോലീസിനോടുള്ള വെല്ലുവിളിയായിട്ടാണ് സാത്രേ പത്രാധിപസ്ഥാനം സ്വീകരിച്ചിട്ടുള്ളതു്. തന്നെക്കാൾ മുമ്പ് പത്രം എഡിററ് ചെയ്തിരുന്നവരെക്കാൾ കുറഞ്ഞ കൃത്യമൊന്നുമല്ലാ തന്റേതും-എന്തുകൊണ്ടാണ് പോലീസ് തന്നെ അറസ്ററ് ചെയ്യാത്തതു്-സാത്രേ ചോദിക്കുന്നു. മുമ്പൊരു വർഷം നോബൽ സമ്മാനം നിഷേധിച്ചയാളും ഫ്രാൻസിലെ ഏററവും പ്രസിദ്ധരായ ബുദ്ധിജീവികളിലൊരാളുമായ സാത്രേയെ അറസ്ററ് ചെയ്തു് അന്താരാഷ്ട്ര പ്രാധാന്യമുള്ളയൊരു വാർത്തയുണ്ടാക്കാൻ ഫ്രാൻസിലെ അഭ്യന്തരവകുപ്പ് മന്ത്രി ഇഷ്ടപ്പെടുന്നില്ലെന്നു വ്യക്തമാണ്.

ഫ്രാൻസിലെ നക്സൽബാരികളുമായി സാത്രേ കൈകോർത്തു പിടിച്ചിട്ടുള്ള വസരത്തിൽ തന്നെ വിവാദ പുരുഷനായ പ്രസിദ്ധയെഴുത്തുകാരൻ ജീൻജെനററു് അമേരിക്കൻ നക്സൽ ബാരികളായ 'കരിമ്പുലികളൊ'ടൊന്നു് ചേർന്നിട്ടുണ്ടു് തികച്ചും അക്രമപ്രവർത്തനത്തിൽ അധിഷ്ഠിതമായ കറുത്ത വർഗ്ഗക്കാരുടെ പ്രസ്ഥാനമാണ് 'കരിമ്പുലി'കളുടെതു്. ജെനററ് കരിമ്പുകളുടെ ക്ഷണംസ്വീകരിച്ചു ഫീസ്ക്രൂടാതെ അമേരിക്കയിൽ കടന്നുകൂടി കൊലക്കുററം ചുമത്തിവിചാരണയിലിരിക്കുന്ന ഒരുകരിമ്പുലിനേതാവിന്റെ ജീവൻരക്ഷിക്കാനുള്ള പ്രചരണം സംഘടിപ്പിക്കുന്നതിനു നഗരത്തിൽ നിന്നു്നഗരത്തിലേയ്ക്കും സർവ്വകലാശാലയിൽനിന്നു് സർവ്വകലാശാലയിലേക്കും പര്യടനം നടത്തി. ജെനററിന്റെയഭിപ്രായത്തിൽ തരിമ്പുലി നേതാവിനെതിരായി കുററം കെട്ടിച്ചമച്ചിരിക്കയാണ്.

കടപ്പാടു്—ഫ്രണ്ടിയർ—ജൂൺ 13

# കത്തുകൾ

## വിശ്വനാഥനും മുസ്ലിംലീഗും

നാലഞ്ചുവർഷമായി ഇന്ത്യൻ യൂത്ത് കോൺഗ്രസ്സിൽ പ്രവർത്തിക്കുന്നയാളാണ് ഞാൻ. യൂത്ത് കോൺഗ്രസ്സ് പുരോഗമനാശയം ഉൾക്കൊള്ളുന്ന സംഘടനയാണെന്നു കരുതിയതുകൊണ്ടാണ് പഠിക്കുന്നകാലം മുതൽക്ക് യൂത്ത് കോൺഗ്രസ്സിൽ പ്രവർത്തിച്ചു വന്നതു്. ജനാധിപത്യരീതിയനുസരിച്ച് ആർക്കും സ്വാതന്ത്ര്യമായി അഭിപ്രായപ്രകടനത്തിനു് ആ സംഘടനയിൽ അവകാശമുണ്ടെന്നും ഞാൻ മനസ്സിലാക്കിയിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ പിളർപ്പുണ്ടായപ്പോൾ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ആ സംഘടന കൂടുതൽ പുരോഗമനാശയം ഉൾക്കൊള്ളുമെന്നു ഞാൻ വിശ്വസിച്ചു. എനിക്കു് ആസംഘടനയിൽ ആശയങ്ങളും പ്രതീക്ഷകളുമുണ്ടായിരുന്നു. എന്നാൽ അതെല്ലാം അല്പാൽപ്പമായി നശിച്ചുകൊണ്ടിരിക്കുകയാണ്.

ബോംബെ സമ്മേളനത്തിൽ ഇന്ദിരാഗാന്ധി പല പല വാഗ്ദാനങ്ങളും നൽകിയിരുന്നു. സ്വത്തിനുള്ള മൌലികാവകാശം എടുത്തുകളയുമെന്നു അവർ പറഞ്ഞു. പിന്നീടു് അവർ അഭിപ്രായം മാററി. ഓരോ ദിവസം ചെല്ലുന്തോറും പ്രധാനമന്ത്രി അവരുടെ ഉത്തരവാദിത്വത്തിൽ നിന്നും അവർ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങളിൽ നിന്നും ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുകയാണ്.

ഇത്രയും ആയപ്പോൾ കോൺഗ്രസ്സിലെ 'പുരോഗമനവാദികളായ യൂത്ത് കോൺഗ്രസ്സ് നേതാക്കളെപ്പററി ഞാൻ ആലോചിച്ചു. ഇന്ദിരാഗാന്ധിയുടെ ഒഴിഞ്ഞുമാറലിനെ അവർ എതിർക്കുമെന്നു ഞാൻ കരുതി. പക്ഷെ ചിലർക്കു് വർക്കിംങ്ങ് കമ്മററി മെമ്പർസ്ഥാനവും സെക്രട്ടറിപദവും മന്ത്രിപദവും കൊടുത്തപ്പോൾ അവരുടെ പുരോഗമനപ്രസംഗവും അവസാനിച്ചു.

ഇത്തവണ ഡൽഹിയിൽ എ. ഐ. സി. സി. സമ്മേളനം നടന്നപ്പോൾ ഏററവും വിമർശന വിധേയമായതു് വർഗീയതയാണല്ലോ. അതിൽ ഏററവും സന്തോഷിക്കുന്നയാളാണ് ഞാൻ. പക്ഷെ ലജ്ജാവഹമായ ഒരു കാര്യമുണ്ടു്. വർഗീയത അവസാനിപ്പിക്കണമെന്നു വാതോരാതെ പ്രസംഗിക്കുന്ന യങ്ങ്ടർക്കുകൾക്കും ഇതേപ്പററി പറയാൻ സാധിച്ചില്ല. കാരണം ഇന്ദിരാഗാന്ധിയുടെ നിരോധനോത്തരവാണ്. വർക്കിംങ്ങ് കമ്മിററിയംഗങ്ങളും ഉത്തരവാദപ്പെട്ടവരുമായതുകൊണ്ടു് മിണ്ടരുതെന്നാണ് ഉത്തരവ്. അപ്പോൾ ഒരു ചോദ്യമുദിക്കുന്നു. കേന്ദ്ര കോൺഗ്രസ്സ് മന്ത്രിയായിരുന്ന മൊറാർജിദേശായിക്കെതിരെ പാർലിമെൻറിൽ ആരോപണങ്ങൾ ഉന്നയിച്ച ചന്ദ്രശേഖറിനെ ഇന്ദിരാഗാന്ധി അനുകൂലിച്ചതല്ലേ. ഇന്നു ഇന്ദിരാഗാന്ധിയുടെ വീഴ്ചകൾ ചന്ദ്രശേഖറിനെപ്പോലുള്ളവർ ചൂണ്ടിക്കാണിക്കുമ്പോൾ ആളുകൾ അറിയുന്നതിനെ ഭയപ്പെട്ടു് നിരോധനാജ്ഞ പുറപ്പെടുവിക്കുന്നതെന്തിനാണ്? ഇതെന്തൊരു ജനാധിപത്യം?

വർഗ്ഗീയതയെപ്പററി പാസ്സാക്കിയ പ്രമേയവും പരിശോധിച്ചു നോക്കണം. ചില അർദ്ധസൈനിക വർഗീയ സംഘടനകളെ നിരോധിക്കണം പോലും. ആർ. എസ്സ്. എസ്സിനെ നിരോധിച്ചുവെന്നുവെക്കുക. അതിലെയംഗങ്ങൾ ഈ സംഘടനയുടെ ആശയങ്ങൾ ഉൾക്കൊണ്ടു് കഴിഞ്ഞവരാണ്. അവരെയൊക്കെ കൊന്നൊടുക്കാൻ സാധിക്കുമോ? ഈയാളുകൾ ചേർന്നു മറെറാരു പേരിൽ ഇതിനെക്കാൾ ശക്തമായ സംഘടനയുണ്ടാക്കി കൂടെന്നില്ല. അപ്പോൾ അതും നിരോധിക്കേണ്ടിവരില്ലേ? ഈ നിരോധനമൊന്നും ഫലപ്രദമായ നടപടിയാകാൻ പോകുന്നില്ല. വർഗീയത നാട്ടിൽ ഉണ്ടാക്കിയിട്ടുള്ള കഷ്ടനഷ്ടങ്ങളെപ്പററി വിദ്യാലയങ്ങളിൽ വളർന്നുവരുന്ന തലമുറയെയെങ്കിലും പഠിപ്പിക്കണം. ഗ്രന്ഥശാലകൾ വഴി അത്തരം പുസ്തകങ്ങൾ ധാരാളം വിതരണം ചെയ്യണം.

വർഗീയതയവസാനിപ്പിക്കണമെന്നു എ ഐ. സി. സി. പറയുമ്പോൾ തന്നെ കേരളത്തിലെ കോൺഗ്രസ്സ് നേതാവ് കെ. കെ. വിശ്വനാഥൻ ചെയ്ത പ്രസ്താവനയാണ് ഇതിനെക്കാളൊക്കെ രസകരമായതു്. മുസ്ലീംലീഗ് വർഗീയകക്ഷിയല്ല പോലും. കേരളത്തിലെ ഏതെങ്കിലും കോൺഗ്രസ്സ് പ്രവർത്തകനു ഇതംഗീകരിക്കുവാൻ പററുമോ. വർഗീയകക്ഷിയായ മുസ്ലീംലീഗിനെ കമ്യൂണിസ്ററുകാർ കൂട്ടുപിടിച്ചതിനെ എതിർത്തവരാണ് കോൺഗ്രസ്സുകാർ. ഇപ്പോൾ മുസ്ലീംലീഗ് വർഗീയ കക്ഷിയല്ലെന്നു വിശ്വനാഥനു തോന്നാൻ കാരണമെന്താണ്? 1972 ലെ പൊതുതെരഞ്ഞെടുപ്പായിരിക്കാം. കാരണം. ഈ പോക്കുപോയാൽ പാർട്ടി പ്രചരണത്തിനു ഈ മനുഷ്യൻ മാത്രമേയുണ്ടാകുകയുള്ളു. മുസ്ലീം പള്ളികളിൽ ഉയർത്തിയിരിക്കുന്ന കൊടിയും മുസ്ലീംലീഗിന്റെ കൊടിയും തമ്മിൽ വ്യത്യാസമൊന്നുമില്ല.

വർഗീയ കക്ഷിയായ മുസ്ലീംലീഗിനെ കൂട്ടുപിടിച്ചതിനു പാലക്കാട്ടു് വെച്ചു് കമ്യൂണിസ്ററ് പാർട്ടിയെ ആക്ഷേപിച്ച യൂത്ത്കോൺഗ്രസ്സിന്റെ പ്രസിഡണ്ടു് എ. കെ ആന്റണിയാണ് ഇപ്പോൾ മുസ്ലീംലീഗ് വർഗീയകക്ഷിയല്ലെന്നു പറയുന്ന വിശ്വനാഥന്റെ സെക്രട്ടറി! കോൺഗ്രസ്സിന്റെ വഴിപിഴച്ച പോക്കിനെ എതിർക്കുവാൻ നിർവ്വാഹക സമിതിയംഗത്വവും സെക്രട്ടറി സ്ഥാനവും വലിച്ചെറിഞ്ഞു് മുന്നോട്ടുവരാൻ യൂത്ത് കോൺഗ്രസ്സ് നേതാക്കൾക്കു ധൈര്യമുണ്ടോ?

കെ. വി. മോഹനൻ
മുഹമ്മ

## ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം

'നിർണ്ണയം' വാരികയിൽ ഹമീദ് ദൽവായിയുടെ ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം തുടർച്ചയായി പ്രസിദ്ധീകരിച്ചതു് വാരികയുടെ ഔന്നത്യം വർദ്ധിപ്പിച്ചിരിക്കയാണ്. ഇന്ത്യയിലെ വർഗീയതയുടെ പ്രശ്നത്തെ വസ്തുനിഷ്ഠമായി പഠിച്ചു് യഥാർത്ഥപരിഹാരമാർഗം ആധുനിക വീക്ഷണമാണെന്നു നിർദ്ദേശിച്ചിരിക്കുകയാണ് ഹമീദ് ദൽവായ്.

മതങ്ങളുടെ പേരിൽ ആളുകളെ ഭിന്നിപ്പിച്ചു നിർത്തുന്നതിന്റെയപകടം അദ്ദേഹം ശരിക്കും എടുത്തുകാണിച്ചിട്ടുണ്ടു്. പാകിസ്ഥാൻ വാദത്തിന്റെ വിഭാഗീയ ചിന്താഗതിയുടേയും ഉൽഭവം എങ്ങിനെയാണെന്നു ഹമീദ് ദൽവായ് പഠിപ്പിക്കുന്നു. മാർക്സിസം പറയുകയും പ്രസംഗിക്കുകയും ചെയ്യുന്നവർ മുസ്ലീം വർഗീയതയെ താലോലിക്കുന്നതിനെതിരായി ദൽവായ് നടത്തിയിരിക്കുന്ന ആക്ഷേപം ശ്രദ്ധാർഹമാണ്.

കേരളീയർ ഹമീദ് ദൽവായിയുടെ പുസ്തകം നല്ലവണ്ണം പഠിക്കേണ്ടതാണ്. ഇവിടത്തെ മുഹമ്മദീയരൊന്നും മെക്കയിൽ നിന്നു വന്നവരല്ല. ബ്രാഹ്മണമതത്തിന്റെ മനുഷ്യത്വമില്ലാത്ത പെരുമാററം കാരണത്താലും മററും ഇസ്ലാം മതം അ

4–ാം പേജിൽ തുടർച്ച

അങ്ങിനെ ചെയ്യുന്നതിൽ, നിലവിലുള്ള വ്യവസ്ഥയുടേയുംസ്ഥാപനങ്ങളുടേയും ഉപകരണങ്ങളായി വരത്തിക്കുന്ന, ഭാരതീയ സംസ്കാരത്തിന്റെ എല്ലാ വശങ്ങളേയും ചെറുക്കാൻ അയാൾ തയാറാണ്. ഭാരതീയ പാരമ്പര്യത്തിന്റെ സാമൂഹ്യപരമായ പുരോഗമന സ്വഭാവങ്ങളെയെല്ലാം വളർത്തുന്നതിനും ശ്രമിക്കാനും അയാൾ സന്നദ്ധനാണ്.

ചോദ്യം: ഇന്നത്തെ യുവാക്കളുടെ ഉയർത്തെഴുന്നേൽപ്പിനു പിന്നിലുള്ള ധാരണകളുടെ ചട്ടക്കൂട് എന്താണ്?

യുവാക്കളുടെ ഉയർത്തെഴുന്നേൽപ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഭൌതികമായ സാഹചര്യങ്ങളുമായി ബന്ധപ്പെടാതെ ഒരാശയം എന്ന നിലയിൽ യുവാക്കളുടെ കേവലമായ അസ്തിത്വത്തെയാണ്. അതേപോലെ തന്നെ കേവലമായ അസ്തിത്വമുള്ള പഴയ തലമുറയെ ചെറുത്തുനിൽക്കുന്ന യുവാക്കളെന്നും അർത്ഥമാക്കുന്നുണ്ട്. ഇതിൽ നിന്നു വ്യത്യസ്തമായി ശരിയായ ഭൌതിക വീക്ഷണത്തിൽ "ഇന്ത്യയിലെ യുവാക്കളുടെ ദുര്യോഗ" (എന്നുവെച്ചാൽ ഇന്ത്യയിലെ ബൂർഷ്വാസി യുവാവിന്റെ ദുര്യോഗം എന്നർത്ഥം) ത്തെ സമഗ്രമായ സാമൂഹ്യ ദുര്യോഗത്തിന്റെ ഒരു വശമായിട്ടാണ് അതായത് വർഗസമരത്തിന്റെ വശമായിട്ടാണ് കാണുന്നത്.

## വർഗ്ഗസമരം

ഈ പശ്ചാത്തലത്തിൽ സർവ്വകലാശാലകളിൽ യുവാക്കളുടെ വിദ്യാർത്ഥികളുടെ പ്രവർത്തനത്തെ കാണുമ്പോൾ അതിനു വർഗസമരത്തിന്റെ ചെറിയ പ്രതിഛായ കൈവരുന്നു. ഒരു സമൂഹത്തിൽ വർഗസമരങ്ങൾ കണ്ണാടികൾ വെച്ച മുറിയിലെപ്പോലെ അവസാനമില്ലാതെ പുനർനിർമ്മിക്കപ്പെടുന്നുവെന്നാണ്. (യെനാനിലെ കർഷകരുടെ വിപ്ലവപ്രസ്ഥാനത്തിനിടയിൽ പെക്കിങ്ങ് സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക വേണ്ടി തയാറാക്കിയ ലഘുലേഖ) പക്ഷെ എലാ കണ്ണാടികളും കൃത്യമായതല്ല. ചിലത് വികൃതവീക്ഷണമുള്ളതാണ്. സർവ്വകലാശാലകളുടെ സാഹചര്യം മൻവിധിയോടെയുള്ളതാണ്. കാരണം അതിനു എല്ലാ വർഗഘടനയും ഉണ്ടെങ്കിലും ശരി, ഭൂരിപക്ഷവും പെററി ബൂർഷ്വാസി ഘടകമാണ് അതിലടങ്ങിയിട്ടുള്ളതു്.

സമൂഹത്തിലെ സമഗ്രമായ സമരത്തിൽ ബൂർഷ്വാസി ബുദ്ധിജീവി (അതാണ് വിദ്യർത്ഥികളുടെ ചരിത്രപരമായ പങ്ക്) സ്വയം ഉന്നതന്മാരോടുള്ള കൂറിൽ നിന്നു സ്വയം വിമുക്തമാകുകയാണ്. അയാൾ ബഹുജനങ്ങളോട കൂറുള്ളവനായിത്തീരുന്നു. എങ്ങിനെയാണ് ഇതു് സർവകലാശാലയിൽ ആവിർഭവിക്കുന്നതു്.? ഈ രംഗത്തു് ഉന്നതന്മാർ അധികാരസ്ഥാനത്തെയാണ് പ്രതിനിധാനം ചെയ്യുന്നതു്. അതുകൊണ്ട് ഉന്നതന്മാർക്കെതിരായി വിദ്യാർത്ഥികൾക്ക സമരം ചെയ്യേണ്ടിവരുന്നുണ്ടെങ്കിൽ, അവർ അധികൃതർക്കെതിരായും വിട്ടുവീഴ്ചയില്ലാതെ നിൽക്കേണ്ടിവരും. പക്ഷെ ബഹുജനങ്ങളോടൊത്തു നിൽക്കുന്നതിനെപ്പററിയുള്ള നിലയെന്തു്? സർവകലാശാലയിലെ നാലാം തരം ജീവനക്കാരുടെ സാമ്പത്തികാവകാശങ്ങൾക്ക് യൂണിയൻ പിന്തുണ നൽകുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ലാ ഇതു്. (തന്ത്രപരമായി ഇതു് ഒഴിവാക്കാൻ വയ്യാത്തകാര്യമാണെങ്കിലും)

അതിനാൽ വിദ്യാർത്ഥി പ്രവർത്തനത്തിന്റെ രംഗം സർവ്വകലാശാലക്കു പുറത്തേക്കു കൂടി വ്യാപിക്കേണ്ടതാണ്. ക്ലാസ്സുമുറിയിൽ നിന്നു തെരുവുകളിലേക്കു വിദ്യാർത്ഥികൾ പുരോഗമിക്കണം. അങ്ങിനെ യുവജനപ്രസ്ഥാനത്തിന്റെ രണ്ട് അടിസ്ഥാന തത്വങ്ങൾ നാം വേർതിരിച്ചറിഞ്ഞു കഴിഞ്ഞു (എ) സർവ്വകലാശാലക്കെതിരായ സമരവും (ബി) രാഷ്ട്രീയ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കെടുക്കലും.

ഫാക്കൾട്ടിയുടെ പങ്കിനെപ്പററി എന്തു പറയുന്നു? ഇവർപെററിബൂർഷ്വാസി ബുദ്ധിജീവിയുടെ അങ്ങേയററമാണ്. അതുകൊണ്ട് സമഗ്രമായ സമരത്തിന്റെ പശ്ചാത്തലത്തിൽ അവർക്ക്കക്ഷി ചേരേണ്ടിവരും അവർ പിന്തിരിപ്പന്മാരാകുന്നെങ്കിൽ, ഉന്നതന്മാരുമായി—അതായതു് അധികൃതന്മാരുമായി ഒത്തുചേരേണ്ടിവരും. അങ്ങിനെ ചെയ്യുന്നതുവഴി അവർ ബുദ്ധിപരമായബോധത്തെ വഞ്ചിക്കുകയാണ് തുടർന്നുള്ളബുദ്ധിപരമായപ്രവർത്തനത്തിനു കഴിവില്ലാതാകുന്നു. മറുഭാഗത്തു് പുരോഗമനവീക്ഷണമുള്ള ബുദ്ധിജീവികൾ വിദ്യാർത്ഥികളുടെഒപ്പംപോകുന്നു. അങ്ങിനെ അധികൃതരുടെ പ്രതിവിപ്ളത്തിനു ഇരയാകുന്നു അതുകൊണ്ട് അവിടെയൊക്കെ എപ്പോഴൊക്കെ അത്തരം വിഭാഗങ്ങളെ രക്ഷിക്കേണ്ടിവരുന്നുവോ അതു് ചെയ്യുന്നതു് വിദ്യാർത്ഥികളുടെ കടമയാകുന്നു. പക്ഷേ ഇതല്ലമുഖ്യകാര്യം. ഫാക്കൾട്ടിതന്നെ സ്വയംപിളരുന്നു. അദ്ധ്യാപനത്തിന്റെയും ബുദ്ധിപരമായ പ്രവർത്തനത്തിന്റെയും ഗുണം അപകടകരമായ നിലയിലേക്ക് അധ:പ്പതിക്കുന്നനിടയാക്കുന്നു.

എല്ലാ വാദ മുഖങ്ങളും അടുക്കിവെച്ചു പരിശോധിച്ചു നോക്കാം. സർവ്വകലാകളിലെ വർഗ്ഗ സമരം പുരോഗമന വീക്ഷണമുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരു വശത്തും മറുവശത്തു് പിന്തിരിപ്പന്മാരും സഖ്യത്തിലാവുന്ന നിലയുണ്ടാകുന്നു, ഇതിന്റെയർത്ഥം സർവ്വകലാശാലക്കുള്ളിൽ മാത്രമല്ലാ അതിനു പുറത്തും പ്രത്യാഘാതങ്ങളുണ്ടാക്കുന്നവെന്നാണ്. ഇതിന്റെ ഉപയുല്പന്നമായി അച്ചടക്കരാഹിത്യമുണ്ടാവുന്നു. (അധികൃത സമരം) വിദ്യാർത്ഥി പ്രവർത്തനങ്ങളിൽ രാഷ്ട്രീയ 'കടന്നുവരുന്നു.' (വിദ്യാർത്ഥി പ്രവർത്തനം രാഷ്ട്രീയത്തിലേക്കു വ്യാപിക്കുന്നു) ഫാക്കൾട്ടിക്കകത്ത് അതിനെ കമുണ്ടാകുന്നു. (പെററിബൂരഷ്യാസി ബു

---

വരുടെ പൂർവ്വികർ സ്വീകരിച്ചതാണ്. അന്നത്തെ അവർണ്ണ ഹിന്ദുക്കൾക്കു സ്വാതന്ത്ര്യത്തോടും സമാധാനത്തോടും ജീവിക്കുന്നതിനു സഹായകമായിരുന്നു മതപരിവർത്തനം. മതത്തിന്റെ പേരിൽ പരസ്പരം കൊല്ലുന്ന ഇന്ത്യക്കാർക്കിടയിൽ വിശ്വപൌരത്വത്തെ മാനിക്കുന്നയാളാണ് ഹമീദ്ദൽവായ്.

അദ്ദേഹത്തെപ്പോലുള്ള ഒരാളെ മതത്തിന്റെ പിടിയിലമർന്നവർ ആക്ഷേപിക്കുന്നതിൽ പ്രതിഷേധിക്കേണ്ടതാണ്. മുസൽമാന്മാർക്കിടയിൽ ഉൽബുദ്ധരും വിശാലവീക്ഷണമുള്ളവരുമായ നേതാക്കൾ ധാരാളം ഉണ്ടായി വരണമെന്നാണ് അദ്ദേഹം പറയുന്നതു്. പക്ഷെ കേരളത്തിലെ യുവജനങ്ങളെപ്പോലും പാട്ടിലാക്കാൻ വർഗീയവികാരത്തിനു കഴിയുന്നുണ്ട്. വർഗീയ നേതാക്കൾക്കും കക്ഷികൾക്കും വേണ്ടി പ്രകടനം നടത്തുന്ന ചെറുപ്പക്കാരെക്കാണുമ്പോൾ ഹമീദ്ദൽവായിയോട് ഒപ്പം ആരും ചിന്തിച്ചു പോകും യുവജനങ്ങളുടെ ശരീരത്തോടൊപ്പം മനസ്സും വളർന്നിരുന്നെങ്കിലെന്നു്.

വി. വത്സൻ.
സെക്രട്ടറി, എറണാകുളം
യുക്തിവാദിസംഘം.

Vol. 1

No. 20

# NIRNAYAM

(ERNAKULAM 21st JUNE 1970)

Price 35 Ps.

(കുറിപ്പുകൾ തുടർച്ച)

ഒരുപക്ഷെ കോൺഗ്രസ്സ് നേതൃത്വത്തിന്റെ ഈ ദൌർബല്യം മനസ്സിലാക്കിയിട്ടായിരിക്കണം ഭരണകക്ഷികളുടെ ഏകോപനസമിതി കോൺഗ്രസ്സിനെ അവഗണിച്ചു തള്ളിയിട്ടുള്ളതു്. പി. എസ്സ്. പി. ക്കു് ഏകോപനസമിതിയിൽ പ്രാതിനിധ്യം നൽകുന്നതിനെച്ചൊല്ലി മന്ത്രിസഭയെ മറിച്ചിടാൻ ശ്രമിച്ച ഐ. എസ് പി. യെ തന്നെ മറ്റൊരു മന്ത്രിസഭ രൂപവൽക്കരിക്കാൻ മാർക്സിസ്റ്റുകാർ പിന്തുണ നൽകുമെന്നും റിപ്പോർട്ടുണ്ടു്. ഈ റിപ്പോർട്ടു് ശരിയാണെങ്കിൽ ഐ എസ്. പി. ക്കാർ അതേറ്റവും സ്വാഗതം ചെയ്യുമെന്നാണ് കരുതുന്നതു്.

കാരണം കൂടുതൽ മന്ത്രിസ്ഥാനം കിട്ടുമെന്നതിൽ ഐ. എസ്. പി. ക്കു സന്തോഷം മാത്രമേ ഉണ്ടാകാനിടയുള്ളൂ. മാർക്സിസ്റ്റുകാരുമായി പുതിയ ഐക്യമുന്നണിയുണ്ടാക്കുന്നതിൽ അവർക്കു താൽപ്പര്യം കാണും. കോൺഗ്രസ്സിനും തൽക്കാലം തെരഞ്ഞെടുപ്പ് നേരിടാതെ പുതിയ ഐക്യമുന്നണിക്കു വഴിയൊരുക്കുകയായിരിക്കാനായിരിക്കും താൽപ്പര്യം. അങ്ങിനെ ഇന്നത്തെ രീതിയിൽ പുതിയ രണ്ടു് ഐക്യമുന്നണികളും ഏകോപന സമിതികളുമുണ്ടാകുന്നുവെങ്കിൽ അതും ഇന്നത്തേതിന്റെ ആവർത്തനം തന്നെയായിരിക്കാനിടയുള്ളതു്.

മന്ത്രിസ്ഥാനത്തിനുവേണ്ടിയുള്ള ഐക്യമുന്നണികൾ ഉണ്ടാക്കുകയില്ലെന്നു രാഷ്ട്രീയ കക്ഷികൾ തീരുമാനിക്കുകമാത്രമേ പോംവഴിയുള്ളൂ. പരിപാടികൾ നടപ്പിലാക്കുന്നതിനേക്കാൾ വ്യക്തികളുടെ മന്ത്രിസ്ഥാനത്തിനു പ്രാധാന്യം നൽകുന്നുവെന്നതാണ് ഇന്നത്തെ ഐക്യമുന്നണികളുടെ പരാജയകാരണം. ഏതുനിലക്കും ചെറിയ കക്ഷികൾക്കാരു് നിയമസഭയിലെ നിർണ്ണായകസ്ഥാനം മുതലെടുത്തുകൊണ്ടു് രാജ്യഭരണത്തെയാകെ ചൊൽപ്പടിക്കു നിറുത്തുന്നതു് ജനങ്ങളെ യവാഹളിക്കലാണ്.

ധിജീവികളുടെ ധ്രുവീകരണം സംഭവിക്കുന്നു). പിന്തിരിപ്പന്മാരുടെ വീക്ഷണത്തിൽ ഇതു് വമ്പിച്ച പ്രശ്നങ്ങളാണ്. വിദ്യാർത്ഥികളുടെ വീക്ഷണത്തിൽ സ്ഥിതിഗതികളുടെ യഥാർത്ഥത്തിലുള്ള പ്രോത്സാഹജനകമായ വിശേഷതകളാണ് ഇവയെല്ലാം. അവർക്കു പ്രശ്നങ്ങളായി തോന്നുന്നതു് തികച്ചും വ്യത്യസ്തമായ കാര്യങ്ങളാണ്.

ഈ പ്രശ്നങ്ങൾ ഇവയൊക്കെയാണ്-വളരേയേറേ വിദ്യാർത്ഥികൾ ഇന്നുയും അച്ചടക്കരാഹിത്യം കാണിക്കുന്നില്ല, അതായതു് അവർ അധികൃതന്മാരെ കുമ്പിട്ടനുസരിക്കുന്നു. വളരെയധികം വിദ്യാർത്ഥികൾക്കു് രാഷ്ട്രീയ താല്പര്യമില്ല. അതിന്റെയർത്ഥം വസ്തുനിഷ്ഠമായി നോക്കിയാൽ (ആത്മനിഷ്ഠമായി നോക്കുമ്പോഴകണമെന്നില്ല)പിന്തിരിപ്പന്മാരാണ്. ഫാക്കൽട്ടിയംഗങ്ങളിൽ വളരെച്ചുരുക്കം പേര മാത്രമേ വിദ്യാർത്ഥികളോടൊപ്പം ചേരുന്നുള്ളുവെന്നതാണ് മറ്റൊരു പ്രശ്നം. പലരും പിന്തിരിപ്പന്മാരായി മാറുകയും ചെയ്യുന്നു. എന്നാൽ സമഗ്രമായി എല്ലാരംഗത്തും, സമരം ഊർജ്ജിതമാകുമ്പോൾ താൽക്കാലികങ്ങളായ പ്രവണതകളെല്ലാം കഴിഞ്ഞു പോകും. അങ്ങിനെ വാസ്തവത്തിൽ കഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്നുണ്ടു്. ആ ഘട്ടത്തിൽ സമൂഹമൊന്നാകെ ദ്വന്ദ്വാത്മകമായ മുന്നേറ്റം നടത്താത്തപ്പോൾ, സർവ്വകലാശാലയിലെ സാഹചര്യങ്ങളിൽ ദ്വന്ദ്വാത്മകമായ മുന്നേറ്റത്തിനു വേണ്ടതായ സ്ഥിതിഗതികൾ അനിവാര്യമായും വളർന്നു വരും. മുന്നോട്ടേക്കുള്ള ആ മഹത്തായ നീക്കത്തിനുള്ള തയാറെടുപ്പാണ് ഇന്നത്തെ വിദ്യാർത്ഥി പ്രവർത്തനത്തിന്റെ മൗലികമായ ചട്ടക്കൂട്.

കടപ്പാട്

ഫ്രണ്ടിയർ,

## വായനക്കാരുടെ ശ്രദ്ധയ്ക്കു്

നന്നായി, ഒന്നാംതരം എന്നിനെയുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന കത്തുകൾ കഴിവതും ഒഴിവാക്കണമെന്നു് അഭ്യർത്ഥിക്കുന്നു. നിർണ്ണയത്തിൽ വരുന്ന ലേഖനങ്ങളെക്കുറിച്ചുള്ള വിമർശനാത്മകമായ കത്തുകളാണു് എഴുതേണ്ടതു്. പൊതുപ്രാധാന്യമുള്ള പ്രശ്നങ്ങളെക്കുറിച്ചു് സ്വചിന്തിതമായ വിലയിരുത്തലുകൾ നടത്തിക്കൊണ്ടുള്ള കത്തുകളും സ്വാഗതാർഹമാണു്. എല്ലാ കത്തുകളിലും എഴുതുന്നയാളിന്റെ പൂർണ്ണ മേൽവിലാസം ഉണ്ടായിരിക്കണം.

പ്രസിദ്ധീകരിക്കാൻ പാടില്ലാത്തതാണു് കത്തുകളെങ്കിൽ അക്കാര്യം പ്രത്യേകം കാണിച്ചിരിക്കേണ്ടതാണു്

പത്രാധിപർ

Edited printed and published by M. A. John Convent Road, Cochin-11

at Empees press, Gopalprabhu Road, Cochin-11